# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരവാരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 9/749/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരവാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 9/749/22 തീയ്യതി: 23/06/2022

# തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 17-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 26-04-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-04-2022 | 26-04-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്. ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആതിര.സി., ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ.ഐ.എസ്. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ഷിബുലാൽ.വി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ശ്രീലേഖ.എൽ.എച്ച്. | സെക്രട്ടറി | 01-04-2020 | 06-02-2021 |
| ശ്രീമതി സിന്ധു.ആർ.എസ്. | സെക്രട്ടറി | 07-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിനി ജോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അരുൺ.എസ്. | വെറ്റിനറി സർജൻ | 01-04-2020 | 19-02-2021 |
| ഡോ. ജയകൃഷ്ണൻ.ടി.എൻ. | വെറ്റിനറി സർജൻ | 20-02-2021 | 08-03-2021 |
| ഡോ. അജു. | വെറ്റിനറി സർജൻ | 09-03-2021 | 16-03-2021 |
| ഡോ.ആശ.എസ്.ജെ. | വെറ്റിനറി സർജൻ | 17-03-2021 | 31-03-2021 |
| ഡോ. ഫസീല.എ. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. ഈന.ഡി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 11-03-2021 |
| ഡോ. ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ- ആയുർവേദം | 12-03-2021 | 31-03-2021 |
| ശ്രീ. അജേഷ്.സി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി വിൻസ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീജ.എസ്.എൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി നിള ഹിരൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-11-2020 |
| ശ്രീ. പ്രമോദ്.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2020 | 21-02-2021 |
| ശ്രീമതി ജയലക്ഷ്മി.ആർ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-02-2021 | 31-03-2021 |
| ശ്രീമതി പുഷ്പല.ജി.കെ. | എച്ച്.എം. | 01-04-2020 | 31-03-2021 |
| ശ്രീമതി ആശ.വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ഫൈസൽ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജലി ദേവി.സി.എ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 5 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം | 1-3-1 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി. | 1-5-1 |
| 9 | പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകി. | 1-5-2 |
| 10 | ക്ഷേമപദ്ധതികൾ | 1-5 |
| 11 | ക്യാഷ് പരിശോധന | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-8-1 |
| 14 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ. | 1-10 |
| 17 | വസ്തു നികുതി-അപാകങ്ങൾ. | 1-11 |
| 18 | വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ. | 1-12 |
| 19 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 20 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തണം. | 1-14 |
| 21 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല. | 1-15 |
| 22 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല- 52,83,135/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 23 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമായില്ല - 1,19,391/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 24 | വൈദ്യുതി കുടിശ്ശിക അടവാക്കിയിട്ടും നെല്ലുകുത്ത് കേന്ദ്രം പ്രവർത്തിക്കുന്നില്ല- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 25 | ജലജീവൻ മിഷൻ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല- 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നതിൽ ജാഗ്രതയില്ല. | 1-20 |
| 27 | പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 28 | എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു. | 1-22 |
| 29 | സ്ഥാപനങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല - 2,20,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 30 | സംരക്ഷണ ഭിത്തി നിർമ്മാണം. | 1-24 |
| 31 | റോഡ് പുനരുദ്ധാരണം - 13 ലക്ഷം രൂപയുടെ ചെലവ് ലക്ഷ്യം നേടിയില്ല. | 1-25 |
| 32 | തുടർ നടപടി ആവശ്യമായ പ്രവൃത്തികൾ | 1-26 |
| 33 | ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ വിമുഖത. | 1-27 |
| 34 | പാഥേയം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 35 | ബഡ്സ് സ്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു. | 1-29 |
| 36 | ജീവിത ശൈലി രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധവും -പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-30 |
| 37 | പഠനവീട് ചെലവ് രേഖകൾ ഹാജരാക്കിയില്ല - 78,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 38 | അർഹതപ്പെട്ട ധനസഹായം നൽകിയില്ല. | 1-32 |
| 39 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം | 1-33 |
| 40 | അനുപൂരക പോഷകാഹാര പദ്ധതി - ടി.ഡി.എസ് ഈടാക്കുന്നില്ല. | 1-34 |
| 41 | ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.03.2020 തീയതിയിലെ സാധാരണ യോഗം 1/1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17.02.2021 തീയതിയിലെ സാധാരണ യോഗം 2/1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 222960948/- രൂപ വരവും 195787200/-രൂപ ചെലവും 27173748/- രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് 25.03.2020-ൽ അംഗീകരിച്ചത്.

## 1-1-1 ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഉചിതമായ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിലും റിവൈസ്ഡ് ബജറ്റിലും വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2305007 | 25000 | 25000 | 96000 |
| 2 | 2308001 | 375000 | 375000 | 982750 |
| 3 | 2501041 | - | - | 453500 |
| 4 | 2510115 | 150000 | - | 254100 |
| 5 | 2511013 | - | - | 171000 |
| 6 | 2512002 | 200000 | 150000 | 447698 |
| 7 | 2512004 | - | - | 507329 |
| 8 | 2513008 | 34000000 | 34000000 | 55316991 |
| 9 | 2513009 | - | 50000 | 90000 |
| 10 | 2521004 | 600000 | - | 637236 |
| 11 | 2522001 | 1564515 | 809252 | 3280052 |
| 12 | 2522004 | - | 150000 | 211749 |
| 13 | 2522007 | - | - | 29282 |
| 14 | 2552007 | 600000 | 600000 | 700000 |
| 15 | 2552011 | - | - | 1073246 |
| 16 | 2552016 | - | - | 1121427 |
| 17 | 2552017 | - | - | 56367 |

ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവഴിച്ചതും, വകയിരുത്താതെയുള്ള ചെലവുകളും കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.14/20.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം നിയമസഭാ ഇലക്ഷൻ പെരുമാറ്റചട്ടം നിലനിന്നിരുന്നതിനാലാണ് ബജറ്റ് വീണ്ടും റിവൈസ് ചെയ്യാൻ കഴിയാതെ വന്നതെന്നും നിലവിലുള്ള ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി ബജറ്റിൽ വകയിരുത്തിയതിനേക്കാളും അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കേരള പഞ്ചായത്ത്‌രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

**1.** 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**2.** കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

**3.** 2020-21 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 3399234/- രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(A) ഷെഡ്യൂളിൽ പ്രസ്തുത ഇനത്തിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

**4.** 2020-21 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

**5.** 2020-21 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഏതാനും ഇനങ്ങൾക്ക് ഒരേ Debit, Credit ബാലൻസ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

**6.** ഗ്രാമപഞ്ചായത്തിലെ Fixed Assets-ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A)-ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**7.** താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം | 2020-21 വർഷത്തെ ചെലവ് | 2020-21 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 320200309 | 1050 | 0 | 1050 |
| 2 | 320500101 | 25000 | 0 | 25000 |
| 3 | 320700204 | 225250 | 0 | 225250 |
| 4 | 320700205 | 143773 | 0 | 143773 |
| 5 | 320900299 | 200000 | 0 | 200000 |

**8.** 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 443953/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

**9.** ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ പറയുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 900 |
| 460500501 | Advance To Implementing Officers | 215041 |
| 460509901 | Other Advances | 437220 |

**10.** 2019-20 വർഷത്തെ ബാലൻസ് ഷീറ്റിലും 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും 311100199 - Other Earmarked Special Funds എന്ന ഹെഡ്ഡിൽ 30610/-രൂപ അവശേഷിക്കുന്നു.

**11.** കെഎസ്‌സിബി ബാങ്ക് തനത് ഫണ്ട് (450230101) അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യൂ ചെയ്ത് 3 മാസത്തിനകം ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത 293/- രൂപ (ചെക്ക് നമ്പർ 1201/30.07.19) Stale Cheque ആയി മാറ്റിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡ് ഉൾപ്പെടുത്തിയിട്ടില്ല.

**12.** 2019-20, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Agencies-Deposit With KSEB ഇനത്തിൽ 1245771/- രൂപ അവശേഷിക്കുന്നു.

**13.** B-11 ഷെഡ്യൂളിലെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B-11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 390486 | (1945993) |

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നമ്പർ 01/19.04.22, 16/21.04.22, 42/25.04.22) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

**1.** സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ധനകാര്യ പത്രികയിൽ കുറിപ്പുകൾ, അനുപാതങ്ങൾ തുടങ്ങിയവ ലഭിക്കുന്നതിനുള്ള സംവിധാനം ലഭ്യമല്ല എന്നറിയിച്ചിരിക്കുന്നു.

**2.** മറുപടി ലഭ്യമാക്കിയിട്ടില്ല.

**3.** പാർട്ട് ബില്ലിൽ ഉൾപ്പെട്ട ചെലവുകൾ പുതിയ ആസ്തി രൂപീകരണം അല്ലാത്തതിനാലാണ് Capital Work In Progress-ൽ വരാത്തത് എന്ന് അറിയിച്ചിരിക്കുന്നു.

**4.**സ്റ്റോക്ക് മൂല്യനിർണയം നടത്തി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് സാംഖ്യ സോഫ്റ്റ്‌വെയറിൽ ക്രമീകരണം നടത്തിയിട്ടില്ലാത്തതിനാലാണ് ബി4 ഷെഡ്യൂളിൽ ഉൾപ്പെടാതിരുന്നത് എന്നറിയിച്ചിരിക്കുന്നു.

**5.**ട്രയൽ ബാലൻസിലെ അപാകതകൾ പരിഹരിക്കുന്നതിന് IKM-ൽ അറിയിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

**6.** സാംഖ്യ സോഫ്റ്റ്‌വെയറിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തുമ്പോൾ പഞ്ചായത്ത് ഫണ്ട് നെഗറ്റീവായി ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നതിനാൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

**7.** ചെലവഴിക്കാത്ത തുകകൾ വരും വർഷങ്ങളിൽ നിയമാനുസൃതം ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**8.** ചെലവഴിക്കാതെ അവശേഷിച്ച ഗുണഭോക്തൃ വിഹിതത്തിൽ 111375/- രൂപ 2021-22-ൽ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 332578/- രൂപയിൽ 317992/- രൂപ 2017-18 ൽ ചെലവഴിച്ചിരുന്നതായും അറിയിച്ചിരിക്കുന്നു. ജേണൽ എൻട്രിയിൽ ഉണ്ടായ സാങ്കേതിക പിഴവ് മൂലമാണ് 317992/- രൂപ ചെലവിൽ ഉൾപ്പെടാതെ വന്നതെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ബാക്കിയുള്ള 14586/- രൂപയുടെ (443953-111375-317992) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**9.** അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതാണെന്നും Advance To Implementing Officers ഇനത്തിൽ മുൻ വർഷങ്ങളിൽ ഉണ്ടായിരുന്ന 182460/-രൂപയുടെ കൃത്യത മുൻരേഖകൾ പരിശോധിച്ച് ഉറപ്പാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

**10.** ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾക്ക് ലഭിച്ച കളക്ഷൻ തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുക വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

**11.** യഥാസമയം മാറാത്ത 293/- രൂപയുടെ ചെക്ക് തിരികെ സമർപ്പിച്ചത് 2021-22 ൽ Prior Period Miscellaneous Expense എന്ന ഹെഡ്ഡിൽ വരവ് വന്നിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

**12.** ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**13.** മുൻവർഷങ്ങളിൽ ആസ്തികളിന്മേലുള്ള ഡിപ്രീസിയേഷൻ അതാത് ഹെഡ്ഡുകളിൽ രേഖപ്പെടുത്തുന്നതിനു പകരം അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ഹെഡ്ഡിൽ രേഖപ്പെടുത്തുന്നതുകൊണ്ടാണ് ഈ അപാകത വന്നിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.
മേൽ അപാകങ്ങൾ പരിഹരിച്ച് വരും വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2021 | 06.07.2021 |

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

**എ)** വിവിധ ഗ്രാന്റുകൾ/ഫണ്ടുകളുടെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 20604342 | 10900638 | 52.9 |
| | പട്ടിക ജാതി | 1257900 | 458500 | 36.4 |

| | | | | |
|---|---|---|---|---|
| **സേവനം** | പൊതുവിഭാഗം | 64267400 | 32893642 | 51.2 |
| | പട്ടിക ജാതി | 26537742 | 12347593 | 46.5 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 45079536 | 30027568 | 66.6 |
| | പട്ടിക ജാതി | 1887656 | 1887656 | 100 |

**ബി)** 2020-21 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| **Development Fund (General)** | ACR | 17279139 |
| | Grant Statement | 18246339 |
| **Development Fund (SCP)** | ACR | 10777402 |
| | Grant Statement | 11777402 |
| **Development Fund (CFC Untied)** | ACR | 10781218 |
| | Grant Statement | 10733943 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/19.04.22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ എസിആർ-ൽ വരുകയും Source Deduction തുകകൾ എസിആർ-ൽ ഉൾപ്പെടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരുകയും ചെയ്തതു കൊണ്ടാണ് വ്യത്യാസം വന്നതെന്ന് അറിയിച്ചിരിക്കുന്നു. മേൽ അപാകതകൾ പരിഹരിച്ച് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19542349 | 19542349 | 18246339 | 1296010 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12031118 | 12031118 | 11777402 | 253716 |
| വികസനഫണ്ട് (CFC ഗ്രാന്റ്) | 0 | 7950000 | 7950000 | 4284000 | 3666000 |
| വികസനഫണ്ട് (CFC Untied) | 0 | 17951143 | 17951143 | 10733943 | 7217200 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 25919000 | 25919000 | 19101425 | 6817575 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6357044 | 6357044 | 5871065 | 485979 |
| CSS | 0 | 0 | 0 | 2287199 | (-) 2287199 |
| SSS | 0 | 0 | 0 | 1818000 | (-) 1818000 |

കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ നീക്കിയിരിപ്പ് (-) ആകുന്നു. ഇക്കാര്യത്തിൽ അപാകത പരിഹരിച്ച് പത്രിക തയ്യാറാക്കേണ്ടതാണ്.
പദ്ധതി നിർവ്വഹത്തിനായി ലഭിച്ച വിവിധ ഗ്രാന്റുകൾ/ഫണ്ടുകൾ പൂർണമായി ചെലവഴിച്ചിട്ടില്ല. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

## 1-4 പദ്ധതി അവലോകനം

**(എ) പദ്ധതി നിർവ്വഹണം**

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 10 | 9 | 1 | 90 | 10003952 | 7900676 | 79 |
| Ii | വെറ്റിനറി സർജൻ | 9 | 9 | 0 | 100 | 2279300 | 1768700 | 78 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 6 | 5 | 1 | 83 | 4774453 | 4228406 | 89 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 3 | 1 | 75 | 1050000 | 950000 | 90 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 2 | 0 | 1115000 | 0 | 0 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 1 | 14 | 13 | 1 | 93 | 26692834 | 15526100 | 58 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 6671840 | 5420309 | 81 |
| Viii | സെക്രട്ടറി | 34 | 27 | 7 | 79 | 18746061 | 14492333 | 77 |
| Ix | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 12 | 4 | 8 | 33 | 11431685 | 543000 | 5 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 101 | 75 | 26 | 74 | 51806958 | 32403823 | 63 |
| Xi | എച്ച്.എം. | 8 | 1 | 7 | 13 | 1204023 | 78000 | 6 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 1438000 | 1260692 | 88 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 4 | 67 | 3350920 | 1657938 | 49 |
| **ആകെ** | | **222** | **162** | **60** | **73** | **139685226** | **86229977** | **62** |

**1)** ആകെ വകയിരുത്തിയതിന്റെ 62 ശതമാനം ചെലവഴിച്ചു. ലോക്ക്ഡൗൺ കാരണമാണ് ചെലവ് കുറഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/ 19.04.2022-ന്റെ മറുപടി).

**2) എ)** ഫിഷറീസ് സബ് ഇൻസ്പെക്ടർ 1115000/-രൂപ വകയിരുത്തി രണ്ട് പ്രോജക്ടുകൾക്കായി അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയില്ല. മാർച്ച് 30-ന് ഫണ്ട് ലഭിച്ചത് കൃത്യസമയത്ത് അറിയാൻ കഴിയാത്തതിനാലാണ് നടപ്പാക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

**ബി)**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 അംഗീകാരം വാങ്ങിയ 12 പ്രോജക്ടുകളിൽ 4 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അകെ വകയിരുത്തിയ ഫണ്ടിന്റെ 5 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ലക്ഷംവീട് കോളനിയിൽ അടിസ്ഥാനസൗകര്യ വികസനം എന്ന പ്രോജക്ടിനായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തതിനാലും ഹരിതകർമ്മ സേനയുടെ പ്രവർത്തനമില്ലാത്തതിനാലും മറ്റ് പ്രോജക്ടുകൾ കോവിഡ് സാഹചര്യം കാരണവുമാണ് നടപ്പാക്കാത്തതെന്ന് വിശദീകരിച്ചിട്ടുണ്ട്.

**സി)**എച്ച്.എം. തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 8 പ്രോജക്ടുകളിൽ ഒരു സ്പിൽ ഓവർ പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. ഫണ്ട് വിനിയോഗം 6% .

**3)**തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| **ക്രമ നമ്പർ** | **പ്രോജക്ട് നമ്പർ** | **പേര്** | **നിർവ്വഹണ ഉദ്യോഗസ്ഥൻ** |
|---|---|---|---|
| I | SO222/21 | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 1 |
| Ii | SO220/21 | കമ്പ്യൂട്ടർ പ്രിന്റർ വാർഷിക അറ്റകുറ്റ പണികൾ | സെക്രട്ടറി |
| Iii | SO217/21 | കളക്ടേഴ്സ് അറ്റ് സ്കൂൾ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | SO236/21 | ബാറ്ററി റൂം ക്രമീകരിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | SO249/21 | പഞ്ചായത്ത് ഓഫീസ് കീഴതിൽ വാതുക്കൽ റോഡിൽ കലുങ്ക് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vi | SO252/21 | വിവിധ സ്കൂളുകളുടെ പുനരുദ്ധാരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | SO273/21 | പഞ്ചായത്ത് ഓഫീസിൽ മിനി എം.സി.എഫ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Viii | SO291/21 | വഞ്ചിയൂർ മാർക്കറ്റിൽ ബയോഗ്യാസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ix | SO300/21 | പന്തുവിള റോഡിൽ സംരക്ഷണ വേലി വാർഡ് -4 | അസിസ്റ്റന്റ് എഞ്ചിനീയർ |

വകയിരുത്തുന്ന ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**(ബി) പദ്ധതി ആസൂത്രണം**

**ആസൂത്രണ സമിതി**

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

**എ)**2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, 12.12.2019 തീയതിയിലെ നമ്പർ ഭരണസമിതി തീരുമാനം I/(1) പ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

**ബി)**2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയുടെ 16.12.2019-ലെ യോഗത്തിൽ ഞാറയ്ക്കാട്ടുവിള നെല്ലുകുത്ത് കേന്ദ്രത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണമെന്ന നിർദ്ദേശമുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥലപരിശോധനയിൽ പ്രസ്തുത കേന്ദ്രം പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്നതും യന്ത്രോപകരണങ്ങൾ തുരുമ്പെടുത്ത നിലയിലും കണ്ടെത്തി.

നെല്ല്കുത്ത് കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിലെ കാർഷിക കർമ്മസേനയ്ക്ക കീഴിലുള്ള വനിത ഗ്രൂപ്പ് അംഗങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 24/22.04.2022-ന്റെ മറുപടി).

**വികസന സെമിനാർ**

20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിന്റെ മിനിട്ട്സ് ലഭ്യമാക്കിയില്ല. ആയതിനാൽ, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിൽ ക്രിയാത്മകമായ ചർച്ച നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

**വർക്കിംഗ് ഗ്രൂപ്പ്**

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 24/22.04.2022-ന്റെ മറുപടി) |
|---|---|---|---|---|
| I | കുടിവെള്ളം, ശുചിത്വം | 18.12.2019 | I)മുല്ലശ്ശേരിക്കുന്നിൽ പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ദിനം പ്രതി പുറന്തള്ളുന്ന വെള്ളം കൊച്ചുവീട്ടിൽക്കോണം ഏലായിലേക്ക് ഒഴുക്കി വിടുന്നതുമൂലം കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയ്ക്ക് പരിഹാരം.<br>Ii)വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് ശേഖരണം കൂടുതൽ ഊർജ്ജിതമാക്കുക. | I)വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചു.<br>Ii) നടപടി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. |
| Ii | | 06.02.2020 | കല്ലമ്പലത്ത് ഇ-ടോയ് ലറ്റ് സ്ഥാപിക്കുക | ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ടോയ്ലറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിരുന്നുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല. |
| Iii | വനിതാ വികസനം | 18.12.2019 | വിവിധ അങ്കണവാടികളിലെ മെയിന്റനൻസ് പ്രവൃത്തികൾ | അഞ്ച് അങ്കണവാടികളുടെ മെയിന്റനൻസ് നടത്തുകയും ബാക്കിയുള്ളവയ്ക്കായി പ്രോജക്ട് |

| | | | | |
|---|---|---|---|---|
| | | | | തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| | | 05.03.2020 | കണ്ണാട്ടുകോണം അങ്കണവാടി വയറിംഗ് ചെയ്ത് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുക | 2022-23 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| Iv | മൃഗസംരക്ഷണം, ക്ഷീരവികസനം | 18.12.2019 | പഞ്ചായത്തിലെ തരിശ് ഭൂമിയിൽ തീറ്റപ്പുൽ കൃഷി | തരിശ് ഭൂമിയിൽ ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽ കൃഷി നടത്തിവരുന്നു. |
| V | സാമൂഹ്യനീതി | 06.02.2020 | 24 മണിക്കൂറും ക്വാറികൾ പ്രവർത്തിക്കുന്നതിനാൽ ശബ്ദ മലിനീകരണത്തിനും ഭൂഗർഭ ജലം താഴേക്ക് പോകുന്നതിനും കാണമാകുന്നു. 9, 10 വാർഡുകളുടെ അതിർത്തിയിലെ ക്വാറികളുടെ പ്രവർത്തനം കുറഞ്ഞത് 12 മണിക്കൂറിൽ താഴെയാക്കാൻ തീരുമാനമുണ്ടാകണം. | ക്വാറികൾ പകൽ സമയത്താണ് പ്രവർത്തിക്കുന്നതെന്നും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചാണെന്നുമാണ് വിശദീകരണം. |

**<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടി (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 24/22.04.2022-ന്റെ മറുപടി) |
|---|---|---|---|---|
| I | പട്ടികജാതി വികസനം | ഗുരുതരം | കുടിവെള്ളം | കുടിവെള്ളക്ഷാമം പരമാവധി പരിഹരിച്ചിട്ടുണ്ട്. |
| Ii | സാമൂഹ്യ നീതി | ഗുരുതരം | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യമില്ലായ്മ | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് അവ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നതാണ്. |
| Iii | സാമൂഹ്യ നീതി | ഗുരുതരം | ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യമില്ലായ്മ | പുതിയ കെട്ടിടത്തിൽ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |

## <u>1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.</u>

പഞ്ചായത്ത് ഹാജരാക്കിയ 2020-21 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ.ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കമലാക്ഷിയമ്മ | 102430100117 | കർഷക തൊഴിലാളി | 07.04.20 | ആക്ടീവ് | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്.<br>മരണവിവരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| അഫീറാബീവി | 102300200704 | വാർദ്ധക്യകാലം | 03.04.20 | സസ്പെൻഡ് | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| ചെറുപെണ്ണ് | 102440201056 | വാർദ്ധക്യകാലം | 08.04.20 | ആക്ടീവ് | കിഴുവിലം ഗ്രാമപഞ്ചായത്ത്.<br>മരണവിവരം കിഴുവിലം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| നബീസാബീവി | 102280201370 | വാർദ്ധക്യകാലം | 20.05.20 | ആക്ടീവ് | മണമ്പൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മണമ്പൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| ദേവകി.എൻ | 102330200420 | വാർദ്ധക്യകാലം | 24.07.20 | ആക്ടീവ് | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| ഓമന.എസ് | 102340601017 | വിധവ | 27.2.21 | സസ്പെൻഡ് | 03/21-1500<br>04/21 മുതൽ 05/21- 1600x2= 3200 | 4700 |
| കെ.രാജു | 102310202954 | വാർദ്ധക്യകാലം | 15.08.20 | സസ്പെൻഡ് | 09/20 മുതൽ 12/20- 1400 X 4= 5600 | 5600 |
| മഹേന്ദ്രൻ.കെ | 102340201884 | വാർദ്ധക്യകാലം | 25.02.21 | സസ്പെൻഡ് | 03/21-1500<br>04/21 മുതൽ 05/21- 1600x2= 3200 | 4700 |
| വിജയകുമാർ.ആർ | 101720204708 | വാർദ്ധക്യകാലം | 05.03.21 | വാർദ്ധക്യം | വർക്കല മുനിസിപ്പാലിറ്റി.<br>മരണവിവരം വർക്കല മുനിസിപ്പാലിറ്റിയെ അറിയിക്കേണ്ടതാണ്. | - |
| ഭവാനി | 102340100712 | കർഷക തൊഴിലാളി | 16.12.20 | ആക്ടീവ് | 12/20 മുതൽ 01/22 വരെ തുക കൈമാറാൻ സാധിച്ചില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.<br>02/22 മുതൽ 04/22- 1600 X 3= 4800 (തുക സഹകരണ ബാങ്കിനു കൈമാറി) | 4800 |

| | | | | | | |
|---|---|---|---|---|---|---|
| ഗോപി | 102380205331 | വാർദ്ധക്യകാലം | 15.10.20 | സസ്പെൻഡ് | നാവായിക്കുളം ഗ്രാമപഞ്ചായത്ത്. മരണവിവരം നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | - |
| മുരളീധരൻ | 102340201756 | വാർദ്ധക്യകാലം | 19.01.21 | സസ്പെൻഡ് | 02/21 മുതൽ 03/21-1500x2= 3000<br>04/21 മുതൽ 05/21- 1600x2= 3200 | 6200 |
| രാജൻ പിള്ള | 102340203058 | വാർദ്ധക്യകാലം | 28.01.21 | സസ്പെൻഡ് | 02/21 മുതൽ 03/21-1500x2= 3000<br>04/21 മുതൽ 05/21- 1600x2= 3200 | 6200 |
| ആബിദാബീവി | 102340201624 | വാർദ്ധക്യകാലം | 12.02.21 | സസ്പെൻഡ് | 03/21-1500<br>04/21 മുതൽ 05/21- 1600x2= 3200 | 4700 |
| മുഹമ്മദ് ഉമ്മാൾ | 102340200661 | വാർദ്ധക്യകാലം | 09.12.20 | സസ്പെൻഡ് | 01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 05/21- 1600x2= 3200 | 7700 |
| | | | | | **ആകെ** | **44600/-** |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. കരവാരം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/23.04.22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം കരവാരം ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ മരണം റിപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ തന്നെ സസ്പെൻഡ് ചെയ്തു വരുന്നതായി അറിയിച്ചിരിക്കുന്നു. കൂടാതെ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരങ്ങൾ അതാത് സ്ഥാപനങ്ങളെ അറിയിക്കുന്നതാണെന്നും മരണശേഷവും ആക്ടീവായി നിലനിൽക്കുന്നവരെ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-5-2 പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽരഹിത വേതനം നൽകി.

02/20 മുതൽ 07/20 വരെയുള്ള കാലയളവിൽ 52,600/- രൂപ തൊഴിൽരഹിത വേതനം ഇനത്തിൽ വിതരണം ചെയ്തിരിക്കുന്നു (ട്രഷറി ബിൽ നമ്പർ 3/27.08.2020). അതിൽ ചുവടെ പറയുന്നവർക്ക് വേതനം അധികമായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | രജിസ്ട്രേഷൻ നമ്പർ | ജനനതീയതി | അനർഹമായി വേതനം വിതരണം നടത്തിയ മാസം | തുക |
|---|---|---|---|---|---|
| 1 | ഷിബിന.എൽ | 591 | 10.05.1985 | 06/20, 07/20 | 240 |
| 2 | രമ.പി | 702 | 04.05.1985 | 06/20, 07/20 | 240 |
| 3 | സിന്ധു.വി | 771 | 27.05.1985 | 06/20, 07/20 | 240 |
| 4 | സുമിത.യു | 767 | 30.05.1985 | 06/20, 07/20 | 240 |
| 5 | ബിന്ധ്യ.ബി.വി | 588 | 08.05.1985 | 06/20,07/20 | 240 |
| 6 | ലേഖ.സി | 686 | 27.05.1985 | 06/20, 07/20 | 240 |

| | | | | | |
|---|---|---|---|---|---|
| 7 | ഷംനാബീവി.എ | 631 | 06.05.1985 | 06/20, 07/20 | 240 |
| 8 | മുബീനബീവി.എ | 696 | 28.05.1985 | 06/20, 07/20 | 240 |
| | | | | **ആകെ** | **1920/-** |

ആനുകൂല്യത്തിനുള്ള കാലയളവ് പരിശോധിക്കാതെ അധികമായി തൊഴിൽരഹിത വേതനം അനുവദിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നമ്പർ 43/25.04.22) ബന്ധപ്പെട്ട ആളുകൾക്ക് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52560 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 6163500 | 379 |
| വിധവാപെൻഷൻ | 23597700 | 1679 |
| വാർദ്ധക്യകാലപെൻഷൻ | 40074000 | 2995 |
| വികലാംഗപെൻഷൻ | 6549800 | 451 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 386400 | 27 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022, 10.30 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5524/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

**1)**ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്. പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തുന്നില്ല.

**2)** 2004ലെ കേരള പഞ്ചായത്ത്രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022-ലെ പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2022 വർഷത്തെ പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30/22.04.2022-ന്റെ മറുപടി).

**3)**ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

**എ)** സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

**ബി)** സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

**സി)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

**4)** പൊതുജന സൗഹൃദമായ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. ടോക്കൺ സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നതു കൂടാതെ, കുടിവെള്ളം, ടെലിവിഷൻ, ആവശ്യമായ ഇരിപ്പിടം എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.

**5)**മരണശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ നല്കിയതും പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽ രഹിത വേതനം നല്കിയതും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തതയായി വിലയിരുത്തുന്നു.

**6)**വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിലും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലും കണ്ടെത്തിയ അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ആവശ്യമാണ്.

**7)**വസ്തു നികുതി, ലൈസൻസ് എന്നിവയുടെ പരിശോധനയിൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**8)**ഞാറയ്ക്കാട്ടുവിളയിലെ നെല്ലുകുത്ത് കേന്ദ്രം പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആവശ്യമാണ്.

**9)**സ്കൂളുകളിലും മറ്റ് ഘടക സ്ഥാപനങ്ങളിലും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മുൻകൂർ നല്കിയെങ്കിലും നാളിതുവരെ അവ സ്ഥാപിച്ചിട്ടില്ല.

## 1-8-1 തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

**1)**എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖണ്ഡിക 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്റ്റർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോസ്റ്റർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 15/20.04.2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. 2020-21 വർഷം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം കൂട്ടം കൂടുന്നത് നിരോധിച്ചതിനാൽ പ്രസ്തുത വർഷത്തിൽ റോസ്റ്റർ ദിനം സംഘടിപ്പിച്ചിട്ടില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

**2)**2005-ലെ തൊഴിലുറപ്പ് നിയമം 17(1) വകുപ്പ് പ്രകാരം ഗ്രാമസഭയ്ക്ക് പഞ്ചായത്തിലെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിനും മോണിറ്ററിംഗിനും അവകാശമുണ്ട്. 17(2) ഉപവകുപ്പ് പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക ഗ്രാമസഭായോഗം വിളിച്ചതിന്റെ വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 37/23.04.2022) 2020 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഉള്ള വർക്കുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭ നടത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

**3)** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരനിൽ നിന്നും വാങ്ങിയിരുന്നു. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കൂടാതെ 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല.

| കരാറുകാരന്റെ പേര് | പ്രവൃത്തി | എം.ബുക്ക് നമ്പർ | എഫ്.റ്റി.ഒ. നമ്പർ | കരാറുകാരന് നൽകിയ തുക | റ്റി. ഡി. എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്. റ്റി (2%) | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|---|---|---|
| മുരളീധരൻ, കുന്നത്ത് വീട്, ആറ്റിങ്ങൽ | വല്ലത്തുകോണം അംഗണവാടി റോഡ് കോൺക്രീറ്റിംഗ്-വാർഡ് 4 | 124/20-21 | KL1614003001-171120FTO-461718 | 3,82,628/- | 19012.82/- | 9506.41/- |
| | പൈപ്പ് ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ് | 260/20-21 | KL1614003001-220321FTO-907551& KL1614003001-220321FTO-907556 | 384788/- | | |
| | മുല്ലമംഗലം തോട്ടിൻകരവിള റോഡ് കോൺക്രീറ്റിംഗ് | 125/20-21 | KL1614003001-220321FTO-907556 & KL1614003001-220321FTO-907605 | 183225/- | | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയുടെ (നം.37/23.04.2022) മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**4)**ജി.ഒ(കൈ)93/2012 ത.സ്വ.ഭ.വ തീയതി 31.03.2012 പ്രകാരം സാധനസാമഗ്രികളുടെ എണ്ണം/ അളവ് സബ്കമ്മിറ്റി തിട്ടപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ചട്ടങ്ങൾ പാലിച്ചാണ് വാങ്ങേണ്ടത്. വർക്ക് കോഡ് 1614003001/RC/285969 -വല്ലത്തുകോണം അംഗണവാടി റോഡ് കോൺക്രീറ്റിംഗ്, വർക്ക് കോഡ് 1614003001/RC/286043- മുല്ലമംഗലം തോട്ടിൻകരവിള റോഡ് കോൺക്രീറ്റിംഗ്, വർക്ക് കോഡ് 1614003001/RC/285977 -പൈപ്പ് ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.37/23.04.2022) പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരണത്തിന്റെ മിനിറ്റ്സ് മാത്രമാണ് ലഭ്യമാക്കിയത്. സാധനസാമഗ്രികളുടെ എണ്ണം/ അളവ് സബ്കമ്മിറ്റി തിട്ടപ്പെടുത്തി പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

**5)** എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

**A)**ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം-വർക്ക്കോഡ് 1614003001/RC/285969- വല്ലത്തുകോണം അംഗണവാടി റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ് 1614003001/IF/494892- ആട്ടിൻകൂട് നിർമ്മാണം

വർക്ക് കോഡ് 1614003001/IF/504848- കിണർ റീചാർജ്ജ്

**B)**Tecnical Sanction , Adninistrative Sanction, ഭരണസമിതി അംഗീകാരം എന്നിവ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഉദാഹരണം- വർക്ക് കോഡ് 1614003001/IF/492142- സോക്ക്പിറ്റ് നിർമ്മാണം

വർക്ക് കോഡ് 1614003001/IF/530913- കാലിതൊഴുത്ത് നിർമ്മാണം

**C)** പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയവ ഫയലിൽ ലഭ്യമല്ല.

ഉദാഹരണം- വർക്ക് കോഡ് 1614003001/IF/492142- സോക്ക്പിറ്റ് നിർമ്മാണം,

വർക്ക് കോഡ് 1614003001/RC/285969- വല്ലത്തുകോണം അംഗണവാടി റോഡ് കോൺക്രീറ്റിംഗ്

**D)** പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ഉദാഹരണം- വർക്ക് കോഡ് 1614003001/IF/492142- സോക്ക്പിറ്റ് നിർമ്മാണം,

വർക്ക് കോഡ് 1614003001/RC/285969- വല്ലത്തുകോണം അംഗണവാടി റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ് 1614003001/WH/332966- ആഴാംകോണം ചാങ്ങാട്ട് പരിപ്പറ തോട് ആഴംകൂട്ടി ജലസേചന സൗകര്യം ഒരുക്കുക

മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**6)** 2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

| വർക്ക് കോഡ് | പ്രവൃത്തി |
|---|---|

| | |
|---|---|
| 1614003001/IF/IAY/135951 | Construction Of PMAY-G House For Individuals-PMAY-G REG.NO KL1138095 |
| 1614003001/IF/IAY/136692 | Construction Of PMAY-G House For Individuals-PMAY-G REG.NO KL1106486 |
| 1614003001/IF/IAY/136750 | Construction Of PMAY-G House For Individuals-PMAY-G REG.NO KL1093612 |
| 1614003001/IF/435262 | ലൈഫ് ഭവന പദ്ധതി-കൃഷ്ണകുമാരി 17/235 |

PMAY പ്രവൃത്തികൾക്ക് എം.ഐ.എസ് ഡിമാൻറ് അലോക്കേഷൻ പ്രശ്നം ഉള്ളതിനാൽ തൊഴിൽ ദിനം മുഴുവനായി നൽകാൻ കഴിയുന്നില്ലെന്നും പ്രസ്തുത വിവരം ബ്ലോക്ക് ഓഫീസിലും ജെ.പി.സി-യുടെ ഓഫീസിലും അറിയിച്ചപ്പോൾ പൊതുവായുള്ള പ്രശ്നമാണെന്നും പരിഹരിച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 15/20.04.2022-ന്റെ മറുപടി). ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട പ്രവൃത്തി ജിയോടാഗ് പ്രശ്നം ഉള്ളതിനാൽ ഡിമാൻറ് നൽകാൻ കഴിഞ്ഞിരുന്നില്ലായെന്നും മാർച്ച് മുതൽ ഡിമാൻറ് നൽകി മസ്റ്റർ റോൾ എടുക്കുന്നുണ്ടെന്നും 08.05.2022-ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-8 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി.

2020-2021 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
(എ.എഫ്.എസ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 448236 | 1374729* | 1822965 | 1793991 | 28974 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 53641000 | 53641000 | 53641000 | 0 |
| **ആകെ** | **448236** | **55015729** | **55463965** | **55434991** | **28974** |

* ഇൻസെന്റീവ് തുക 118000/- രൂപ 160100399 എന്ന ഹെഡിൽ വരവും 254200199 എന്ന ഹെഡിൽ ചെലവും രേഖപ്പെടുത്തിയിരിക്കുന്നു.

2020-21 സാമ്പത്തികവർഷത്തെ NREGS –ന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
(അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ15/20.04.2022-ന്റെ മറുപടി)

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 354 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2855 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാൻറ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2471 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാൻറ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 306 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 142 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1412 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 328 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 317 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 154713 |
| ലേബർ കമ്പോണന്റ് | 45781000 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.12.2021 മുതൽ 07.12.2021 വരെ | 01.01.2021 മുതൽ 31.07.2021 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.07.2017 മുതൽ 02.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 15.09.2017 |

## 1-10 രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ.

രസീത് ബുക്കുകളുടെ പരിപാലനത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1)** കേരള ട്രഷറി കോഡ് വാല്യം-1 ലെ ആർട്ടിക്കിൾ 90(എ) പ്രകാരം T.R-5 രസീതുകളുടെ ഡബിൾ സൈഡഡ് കാർബൺ പകർപ്പുകൾ എടുക്കുന്ന വിധത്തിലായിരിക്കണം രസീത് ബുക്ക് പ്രിന്റ് ചെയ്യേണ്ടത്. എന്നാൽ രസീത് ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

ഉദാഹരണം- രസീത് ബുക്ക് നമ്പർ 12372, 12374, 12375, 12376

**2)** രസീതു ബുക്കുകൾ ഉപയോഗിച്ചതിൽ ബാക്കി വരുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി റദ്ദ് ചെയ്യുന്നില്ല.
ഉദാഹരണം.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 12380 | 51-100 |

**3)** തീയതി രേഖപ്പെടുത്താത്ത രസീതുകൾ മുഖേന തുക സ്വീകരിച്ചിരിക്കുന്നു.
ഉദാഹരണം: രസീത് ബുക്ക് നം-12386, രസീത് നം.-22

രസീത് ബുക്ക് നം-12372, രസീത് നം.-46,36

**4)** രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.
ഉദാഹരണം- രസീത് ബുക്ക് നം- 12386,12385,12380

**5)** ഒരാൾ ഒരേ സമയം തന്നെ ഒന്നിലധികം രസീതു ബുക്കുകൾ ഉപയോഗിക്കുന്നു.

ഉദാഹരണം: സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ക്ലർക്കായ വൈശാഖിന് ഒരേ സമയം രണ്ട് രസീത് ബുക്കുകൾ ഇഷ്യൂ ചെയ്ത് കളക്ഷൻ നടത്തിയതായി കാണുന്നു.

രസീത് ബുക്ക് നം-12385, രസീത് നം. 1-12 തീയതി 30.03.2021, രസീത് നം. 13-35 തീയതി 31.03.2021, രസീത് നം.36-100-റദ്ദ് ചെയ്തിരിക്കുന്നു.

രസീത് ബുക്ക് നം-12386, രസീത് നം. 1-39 തീയതി 30.03.2021, രസീത് നം.40-100-റദ്ദ് ചെയ്തിരിക്കുന്നു.

ഇനി മുതൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.7/19.04.2022-ന്റെ മറുപടി). ഓഫീസിൽ നികുതി പിരിവ് ചുമതലയുള്ള 3 ക്ലർക്കുമാരാണുണ്ടായിരുന്നതെന്നും ഒരാൾ ചികിത്സാർത്ഥം ദീർഘകാല അവധിയിലും ഒരാൾ നിയമസഭ ഇലക്ഷൻ ഡ്യൂട്ടിക്കായി റിലീവ് ചെയ്തതിനാലും മാർച്ച് അവസാനം പരമാവധി വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി പഞ്ചായത്തിന്റെ രണ്ട് മേഖലകളിൽ രണ്ട് ടീമായി പിരിവ് നടത്തുന്നതിനായി സെക്രട്ടറി നിർദ്ദേശിച്ചതിനാൽ നിലവിലുണ്ടായിരുന്ന ഏക ക്ലർക്കിന് രണ്ട് രസീത് ബുക്കുകൾ ഒരേ സമയം ഇഷ്യൂ ചെയ്യുകയാണുണ്ടായതെന്നും ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി-അപാകങ്ങൾ.

**1) മുൻകാല പ്രാബല്യത്തിൽ നികുതിയിളവ് നൽകി**.
2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഒരു അർദ്ധവർഷത്തേക്ക് ഡിമാന്റ് ചെയ്തിട്ടുള്ള നികുതി |
|---|---|---|---|---|---|---|
| 1 | A2/1455/19/ 22.03.2021 | 11/928 | പ്രസാദ് | പാർപ്പിടം | 2021 ഒന്നാം അർദ്ധ വർഷം | 71 |
| 2 | A2/2073/ 26.03.2021 | 7/107 | ശിവപ്രസാദ് | പാർപ്പിടം | 2021 ഒന്നാം അർദ്ധവർഷം | 17 |
| 3 | A2 2064/21/ 26-03-21 | 11/460 | ഭഗവതി | പാർപ്പിടം | 2021 ആദ്യ അർദ്ധ വർഷം | 10 |
| 4 | A2 1466/21/ 22-03-21 | 8/724 | രാജപ്പൻപിള്ള | പാർപ്പിടം | 2021 ആദ്യ അർദ്ധ വർഷം | 34 |
| 5 | A2 6467/21/ 22-03-21 | 5/182 | സത്യദേവൻ | പാർപ്പിടം | 20-21 വർഷത്തെ രണ്ടു അർദ്ധ വർഷങ്ങളിലെയും , 2021- ആദ്യ അർദ്ധ വർഷത്തെയും | 55+28=83 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നികുതി ഈടാക്കിയിട്ടില്ല | |
| 6 | A2/1652/2021/26-03-21 | 5/1221 | പാച്ചൻ | പാർപ്പിടം | 2021 ആദ്യ അർദ്ധ വർഷം | 17 |

നികുതി ഒഴിവാക്കി നൽകിയതിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 57/26-4-22) കമ്മിറ്റി തീരുമാനം എടുത്തിട്ടില്ലായെന്നാണ് അറിയിച്ചത്. കമ്മിറ്റി തീരുമാനമില്ലാതെ ഇത്തരത്തിൽ വസ്തു നികുതി ഒഴിവാക്കി നൽകിയതു വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി കാണുന്നു. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

**2) വസ്തുനികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ**

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിലൊരു മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുവെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് മാപ്പ് സൂക്ഷിക്കുന്നില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 56/26-4-22).

7, 11, 6 വാർഡുകളിലെ അസസ്മെന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം |
|---|---|---|---|
| 1 | 11/A | സുധ , സുധ ഭവൻ,കടവിള | ത്രിതീയം |
| | 11/A1 | | ദ്വിതീയം |
| 2 | 7/301 A | ദീപാ റാണി | ത്രിതീയം |
| | 7/301 C | | ദ്വിതീയം |
| 3 | 7/245A | രമണി അജി വിലാസം | ത്രിതീയം |
| | 7/245B | അജിത ശിവാലയം | ദ്വിതീയം |
| 4 | 6/584 | സരസ്വതി അമ്മ, വാരിയംകോണത്തുവീട് | ത്രിതീയം |

ഇത്തരത്തിൽ വ്യത്യാസം വന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അത്തരം ഒരു മാപ്പ് സൂക്ഷിക്കുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേഖലയിൽ വന്ന വ്യത്യാസം സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

**3)**സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/തീയതി | തുക |
|---|---|---|---|
| 17/470A | സബീദ | 120010101184/19.8.20 | 331 |
| 12/320 | പ്രസാദ് | 120010102984/04.10.19 | 147 |
| 10/56 | പ്രകാശ് ജി | 120010103693/25-2-21 | 24 |
| 18/455 | നജീബ് | 120010104184/3-3-21 | 144 |

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (53/25-4-22) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ ഡാറ്റ പ്യൂരിഫിക്കേഷൻ ഓപ്പൺ ആക്കി നൽകുന്ന ഉടൻ പ്രസ്തുത രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതാണ് അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ പ്രസ്തുത തുക ഡിമാന്റിൽ ഉൾപ്പെടാതെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ് .

**4)**ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല .

| ടവറിന്റെ പേര് | ബിൽഡിംഗ് നമ്പർ | ബിൽഡിംഗ് ഐ ഡി | ഈടാക്കാത്ത വർഷം | തുക |
|---|---|---|---|---|
| ഇൻഡ്യ ടെലകോം ഇൻഫോ | 18/312 | 50234010001856 | 20-21 FIRST HALF& SECOND HALF | 5670 |

**5)അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി പൂർണമായും പിരിച്ചെടുത്തില്ല.**

പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന **അനധികൃത** കെട്ടിടങ്ങളുടെ 20-21 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല .

| ബിൽഡിംഗ് രജിസ്റ്റർ | ഡോർ നമ്പർ | ഉടമയുടെ പേര് | തുക |
|---|---|---|---|
| 50234010015387 | 2/18/UA | ജോണി | 583 |
| 50234010014523 | 7/8/UA | ഇന്ദ്ര സേനൻ | 495 |

അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 2018-19 സാമ്പത്തിക വർഷം വരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിലും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

**6)പെർമിറ്റ്, നമ്പറിംഗ് എന്നിവയ്ക്കായി വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു.**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015-ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയം തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 21-22 വർഷം മുതൽ അപ്രകാരം സൂക്ഷിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത് .

## 1-12 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി) നം. 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം) കേരളാ പഞ്ചായത്ത് രാജ് 232, 233, 234, 254 വകുപ്പുകൾ പ്രകാരം 1996-ലെ കേരളാ പഞ്ചായത്ത്‌രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും) ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക -2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ അപേക്ഷകൻ ഒടുക്കേണ്ട ഫീസ് കൃത്യമായി കണക്കാക്കാൻ സാധിക്കുന്നില്ല. ഈ അപാകതയ്ക്കു വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 28/22.02.2022) മേലിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തി ഫീസ് ഈടാക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാത്തതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും ചട്ടഭേദഗതികളും സമയബന്ധിതമായി നടപ്പിലാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2)അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ലൈസൻസ് രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ കൃത്യമായ ഡിമാൻഡ് കണക്കാക്കാൻ സാധിക്കുന്നില്ല. ട്രേഡേഴ്‌സ് ലിസ്റ്റ് കാലികമാക്കി ഡിമാൻഡ് കണക്കാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

3)1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 16 റേഷൻ കടകളിൽ ഒരു റേഷൻ കടയൊഴികെ (ശ്രീ. സുരേഷ് കുമാർ, ARD നമ്പർ 302) മറ്റൊന്നിന്നും 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് എടുപ്പിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും ഓഡിറ്റ് ഈ വിഷയം ചൂണ്ടിക്കാണിച്ചിട്ടും പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനായി ഇക്കാര്യത്തിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ ആഡംസ് ഡെന്റൽ ക്ലിനിക് എന്ന സ്ഥാപനം 2020-21 വർഷത്തെ രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/23.02.2022) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തണം.

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ ജി.പി. 9/1170/2018, തീയതി 04.06.2018 | 2 |
| 2002-03 | | 1 |
| 2003-04 | | 2 |
| 2006-07 | | 1 |

| | | |
|---|---|---|
| 2007-08 | | 1 |
| 2008-09 | | 1 |
| 2009-10 | | 1 |
| 2010-11<br>2011-12 | | 8 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ ജിപി 9/2026/2017, തീയതി 15.02.2017 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ ജിപി 9/ 1921 /2017, തീയതി 06.04.2018 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ ജിപി 9/445/2019, തീയതി 16.10.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ ജിപി 9/775/2020, തീയതി 05.10.2020 | 12 |

ഓഡിറ്റ് അദാലത്തുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 11/19.04.2022-ന്റെ മറുപടി).

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1948/2021 തീയതി 26.02.2022 പ്രകാരം പുറപ്പെടുവിച്ചിരുന്നു. റിപ്പോർട്ട് ലഭ്യമായില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. AIMS-ൽ പുറപ്പെടുവിച്ച റിപ്പോർട്ടിന് പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന ആദ്യ മറുപടി അയക്കാവുന്ന സാഹചര്യം നിലവിലുള്ളതിനാൽ കാലതാമസമില്ലാതെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള്വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

പഞ്ചായത്തിന്റെ അധീനതയിൽ കണ്ടൽ കാടുകളോ കാവുകളോ ഇല്ലായെന്നും ക്ഷേത്രങ്ങളോടനുബന്ധിച്ച് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കാവുകളുണ്ടെന്നും സ്വകാര്യ കാവുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/19.04.2022-ന്റെ മറുപടി).

പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -വിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല- 52,83,135/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| 122 /21 | ഗതാഗത തടസ്സം ഉണ്ടാക്കുന്ന വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | തനത് ഫണ്ട് | 1) വൗച്ചർ നമ്പർ 22000243/8-7-20<br>2) വൗച്ചർ നമ്പർ | 7408<br>7688<br>11587<br>7778<br>21431 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ക്രമ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 22000487/14-9-20 **3)** വൗച്ചർ നമ്പർ 22000894/4-2-21 **4)** വൗച്ചർ നമ്പർ 22000934/23-2-21 **5)** വൗച്ചർ നമ്പർ 22000991/14-3-21 **6)** വൗച്ചർ നമ്പർ 22001003/23-3-21 | 58683 | നം 3 , 4 , എന്നിവ പ്രകാരം ആറ്റിങ്ങൽ കെ എസ് ഇ ബി ക്കും നഗരൂർ കെ എസ് ഇ ബി ക്കും ക്രമ നം 6 പ്രകാരം ആറ്റിങ്ങൽ കെ എസ് ഇ ബിക്കും നൽകിയ തുകക്കുള്ള എസ്റ്റിമേറ്റ് ലഭ്യമല്ല . തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് മാത്രമെ ഫയലിലുള്ളൂ. |
| | 154 /21 | തോക്കാല കണ്ണാട്ട കോണം പൈപ്പ്ലൈൻ സ്ഥാപിക്കൽ | വാട്ടർ അതോറിറ്റി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ) | എ സി ആർ ബിൽ നം 66/21-5-20 | 49000 | കേരള വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം , |
| | 321/21 | കരവാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | ബിൽ നമ്പർ 29/-4-3-21 | 4284000 | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. |
| | 1/21 | ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | വികസന ഫണ്ട് ജനറൽ | എ സി ആർബിൽ നമ്പർ 37/ 8-5-20 | 149430 | വിനിയോഗ സാക്ഷ്യപത്രം തുക ആവശ്യപ്പെട്ടു കൊണ്ടുള്ള ഐ കെ എം കത്ത് |
| | 320/21 | ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് മെഡിക്കൽ കോളേജിന് തുക നൽകൽ | കോർഡിനേറ്റർ, ശുചിത്വ മിഷൻ | തിരുവനന്തപുരം കോർപ്പറേഷൻ ഫണ്ട് | 38/30-3-21 | 400000 | വിനിയോഗ സാക്ഷ്യപത്രം |
| | 170 /21 | തിരു ഗവ കോളേജിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | കോർഡിനേറ്റർ, ശുചിത്വ മിഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 21/3-3-21 | 100000 | വിനിയോഗ സാക്ഷ്യപത്രം. |
| | 274/21 | കോവിലഴികം എസ് സി കോളനിപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | | എ സി ആർ ബിൽ നം 62/21-5-20 | 95000 | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. |
| 203/21 | പനവേലിക്കടവ് കല്ലുകുഴി വിലഴികം എസ് സി കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | വികസന ഫണ്ട് എസ് സി പി | എ സി ആർബിൽ നമ്പർ 14/ 11-4-20 | 91130 | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. |
| | **ആകെ തുക** | | | | **52,83,135/-** | |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ചെലവു തുക 52,83,135/- രൂപ തടസ്സത്തിൽവയ്ക്കുന്നു. പ്രോജക്റ്റ് നം 122/21 പ്രകാരം കെ എസ് ഇ ബി- ക്ക് നൽകിയ 1,14,575/- രൂപ ഹെഡ് മാറി ബുക്ക് ചെയ്യതിനാൽ ബി -18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-17 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമായില്ല - 1,19,391/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 323/21 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 150000/- |
| ചെലവ് | 129539/- |
| ഫണ്ടിനം | തനത് ഫണ്ട് |
| വൌച്ചർ നമ്പർ | 22001256/31-3-21 തുക 10148<br>22001255/31-3-21 തുക 119391 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം ഇൻവോയ്സ് നം. CSG/08872/20-21 പ്രകാരം എൽ ഇ ഡി മോണിറ്റർ വാങ്ങുന്നതിനായി 10,148/-രൂപയും, പ്രഫോർമ ഇൻവോയ്സ് നം 25835/25-3-21 പ്രകാരം പ്രകാരം 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 1,19,391/- രൂപയും കെൽട്രോണിന് നൽകിയതിൽ 10,148/- രൂപയുടെ മോണിറ്റർ മാത്രമാണ് ലഭ്യമായത്. കമ്പ്യൂട്ടർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് , കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/21-4-22 ന് ലഭ്യമാക്കിയ മറുപടിയിൽ നാളിതു വരെയായിട്ടും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ തുക തിരികെ നൽകുന്നതിന് 5-1-22 ന് കെൽട്രോണിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയാണെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും അല്ലാത്തപക്ഷം ചെലവ് തുക തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെച്ചതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്. ആയതു വരെക്കും 1,19,391/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വൈദ്യുതി കുടിശ്ശിക അടവാക്കിയിട്ടും നെല്ലുകുത്ത് കേന്ദ്രം പ്രവർത്തിക്കുന്നില്ല- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 305/21 |
| പ്രോജക്റ്റിന്റെ പേര് | ഞാറക്കാട്ടു വിള നെല്ലുകുത്ത് കേന്ദ്രത്തിലെ വൈദ്യുതി കുടിശ്ശിക അടവാക്കൽ |
| അടങ്കൽ | 62000/- |
| ചെലവ് | 62000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| വൗച്ചർ നം | 22000194/19-6-20 -62000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഞാറക്കാട്ടു വിള നെല്ല് കുത്തുകേന്ദ്രം വർഷങ്ങളായി അടഞ്ഞുകിടന്നതിനെ തുടർന്ന് ആയത് വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ട പ്രകാരം 18-03-2020 തിയ്യതിയിലെ 662/20 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തി 62,000/-രൂപയും മെറ്റീരിയൽ ചാർജ്ജ്, ലേബർ ചാർജ്ജ്, റിവൈസ്സ് കണക്ഷൻ ചാർജ് എന്നിവക്കായി പ്രോജക്ട് ചെലവിനുപരിയായി തനതു ഫണ്ട് വൗച്ചർ പ്രകാരം 19,586/-രൂപ ഉൾപ്പെടെ ആകെ 75,556/-രൂപ ചെലവഴിച്ചിട്ടുണ്ട്. 23-4-22-ന് നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തിക്കാതെയും ഉപകരണങ്ങൾ തുരുമ്പിച്ച നിലയിലും കണ്ടു. നിലവിൽ വൈദ്യുതി കണക്ഷനും വിച്ഛേദിക്കപ്പെട്ട അവസ്ഥയിലാണ്. വീണ്ടും കുടിശ്ശിക 1918/- രൂപ വന്നതായുള്ള ഡിമാന്റ് നോട്ടീസ് മീറ്റർ ബോക്സിനടുത്ത്

വച്ചിട്ടുള്ളതായും കണ്ടു. സ്ഥാപനം പ്രവർത്തിക്കാതിരിക്കുന്നത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്‌ക്വയറി 39-ന് ലഭ്യമാക്കിയ മറുപടിയിൽ നെല്ലുകുത്ത് കേന്ദ്രത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അന്വേഷിച്ചതിൽ, മെഷീൻ റിപ്പയറിംഗ് ആയി ഇളക്കികൊണ്ട് പോയിരിക്കുകയാണെന്നും രണ്ടാഴ്ചക്കകം പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-19 ജലജീവൻ മിഷൻ പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല- 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 304/21 |
| പ്രോജക്റ്റിന്റെ പേര് | ജലജീവൻ പദ്ധതി |
| അടങ്കൽ | 498845/- |
| ചെലവ് | 300000/- |
| ഫണ്ടിനം | വികസന ഫണ്ട് , തനത് ഫണ്ട് |
| ബിൽ നമ്പർ | 31/30-3-21 തുക-300000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 20/21-4-22 |

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഗാർഹിക കണക്ഷൻ നൽകുന്നതിനായി വിഭാവനം ചെയ്യുന്ന പദ്ധതിയിൽ മേൽ ബിൽ പ്രകാരം 3,00,000/- രൂപ വാട്ടർ അതോറിറ്റിക്കു നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

**എ**. ഫയലിൽ രണ്ട് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായതിൽ ഒന്നിൽ 18 വാർഡുകളിലും കൂടി 304 പേരും രണ്ടാമത്തെ ലിസ്റ്റിൽ 1334 പേരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുടെ KWA/DWD/DN/DBA/JJM/2020/24-2-21 -ാം നമ്പർ കത്ത് പ്രകാരം ആകെ 3548 പേരുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എണ്ണം സംബന്ധിച്ച് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടതിൽ പഞ്ചായത്ത് കമ്മിറ്റി പ്രാഥമികമായി അംഗീകരിച്ച് നൽകിയത് 1638 പേരുടെ ലിസ്റ്റാണെന്നും വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 3548 പേരുണ്ടെന്നും നാളിതു വരെ 2762 പേർക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഇതിൽ നിന്നും കണക്ഷൻ ലഭിച്ച 1124 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല എന്ന് വ്യക്തമാകുന്നു. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്.

**ബി**. വാട്ടർ അതോറിറ്റിയുടെ KWA/DWD/DN/DBA/JJM/2020/24-2-21 -ാം നമ്പർ കത്ത് പ്രകാരം ഒരാൾക്ക് 1127/-രൂപ വച്ച് ഗുണഭോക്തൃ വിഹിതം അടവാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൽ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഈടാക്കിയിട്ടില്ല എന്നറിയിച്ചു. കണക്ഷൻ ലഭിച്ചവർ മുഴുവൻ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളവരാണോ എന്ന് ഉറപ്പു വരുത്താനുതകുന്ന രേഖകൾ ലഭ്യമല്ല. ആയതിന്റെ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്. ജലജീവൻ പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗുണഭോക്തൃ വിഹിതത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരമൊരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

**സി**.നിലവിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ 3,00,000/- രൂപ എത്ര ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമാണ് എന്നതിന്റെ വിവരം ആരാഞ്ഞതിൽ ആകെ 64 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി അടവാക്കാൻ ആവശ്യപ്പെട്ടതിൽ ആയതിന്റെ ഭാഗമായാണ് 3,00,000/-രൂപ ഒടുക്കിയതെന്നും ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കിയല്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നാളിതു വരെ എത്ര പേർക്കായാണ് പഞ്ചായത്ത് വിഹിതം ഒടുക്കിയതെന്നും എത്ര പേരുടെ ഗുണഭോക്തൃ വിഹിതം വാട്ടർ അതോറിറ്റി പിരിച്ചിട്ടുണ്ട് എന്നതിന്റെയും കണക്കുകൾ ലഭ്യമാക്കേണ്ടതാണ് .

**ഡി**. തൻവർഷം കൈമാറിയ 3,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**ഇ**. വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല .

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നതിൽ ജാഗ്രതയില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 06.01.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ജി.ഒ(എം.എസ്)11/2018/എൽ.എസ്.ജി.ഡി, തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ലായെന്നും R-Track-ൽ Road Map തയ്യാറാക്കിയത് കാലികമല്ലായെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 04/19.04.2022-ന്റെ മറുപടി).

പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. 18 മുതൽ 26 വരെയുള്ള കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു. നിർമ്മിച്ച വർഷം, കൂട്ടിച്ചേർക്കലുകൾ, ഡിപ്രീസിയേഷൻ മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാനരേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

**2)** വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യുർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

**3)**ഗ്രാമപഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി 2020-21 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്ട്സ് (പേജ് നമ്പർ 46, തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം പ്രസ്തുത യോഗത്തിൽ വിവിധ വാങ്ങൽ പ്രോജക്ടുകളുടെ പേര് ഉൾപ്പെടുത്തി ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടേതായ വാങ്ങൽ പദ്ധതികൾക്കായി ക്വട്ടേഷൻ, ടെന്ററ്, അക്രഡിറ്റഡ് സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങൽ എന്നീ രീതികളിലൂടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

സാമ്പിൾ പരിശോധന, അംഗീകാരം മുതലായ പ്രക്രിയയിൽ പ്രൊക്യുർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനാലാണ് പ്രൊക്യുർമെന്റ് കമ്മിറ്റി യോഗങ്ങൾ കൂടാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/22.04.2022-ന്റെ മറുപടി).

ഭാവിയിലെ വാങ്ങൽ പ്രക്രിയകളിൽ മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം |
|---|---|---|---|
| I | SO258/21 | പഞ്ചായത്ത് ഓഫീസ് നവീകരണം | 2, 3 ഇനങ്ങൾ ഒഴിവാക്കി 5 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |
| Ii | SO234 /21 | നെല്ലിക്കുന്ന് കണ്ണാട്ടുകോണം റോഡ് പുനരുദ്ധാരണം - വാർഡ് 6 | റീ കോൺക്രീറ്റിംഗ് ഉൾപ്പെടെ രണ്ട് ഇനങ്ങൾ (Appendix 2 – ഇനം 1, 2) ഒഴിവാക്കി, Appendix 1 ലെ 2, 3, 4 ഇനങ്ങളുടെയും Appendix 2 ലെ 3-ാം ഇനത്തിന്റെയും അളവുകൾ കൂട്ടി |
| Iii | SO214/21 | തോക്കാല കണ്ണാട്ടുകോണം റോഡിൽ കലുങ്ക്, സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 7 | 15-ാം ഇനം ഒഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |

2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ 75 മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പുതുക്കിയ 23 പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും പുതുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല ( ഓഡിറ്റ് എൻക്വയറി നമ്പർ 49/25.04.2022).

കൃത്യമായ സ്ഥലപരിശോധനയുടെ അഭാവമാണ് പ്രധാന കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയും പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കിയും പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്ഥാപനങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല - 2,20,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ സ്ഥാപനങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2020-21 വർഷം രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു.

**എ)**

| പ്രോജക്ട് നമ്പർ | SO 286/21 | |
|---|---|---|
| പേര് | സ്ഥാപനങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| ധനകാര്യ കമ്മീഷൻ | 386000 | 84800 |

| | | |
|---|---|---|
| അവാർഡ് | | |
| വികസന ഫണ്ട് - ജനറൽ | 45958 | 0 |
| ആകെ | 431958 | 84800 |
| ബിൽ നമ്പർ | 67/06.03.2021 | |
| നിർവ്വഹണ ഏജൻസി | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ | |
| ഓഡിറ്റ് എൻകയറി നമ്പർ | 12/20.04.2022 | |

പ്രസ്തുത പ്രവൃത്തിക്കായി 2018-19 മുതൽ രൂപീകരിച്ച പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ |
|---|---|---|
| I | 2018-19 | SO119/19 |
| Ii | 2019-20 | SO194/20 |

ശുചിത്വ മിഷന്റെ 2284/സി6/2017/എസ്.എം. തീയതി 09.11.2018 പ്രകാരം, ഗവ. LPS വഞ്ചിയൂർ, ഗവ. LPS മേവർക്കൽ എന്നീ സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രോജക്ടിന് 4,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നിബന്ധനകൾക്ക് വിധേയമായി സാങ്കേതികാനുമതി ലഭ്യമായി. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനുമായി (SEUF) 04.11.2020-ൽ കരാർ വച്ചു (നമ്പർ 45/AE/LSGD/KVM/20-21). മുൻകൂറായി 84,800/- രൂപ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. GSTഉൾപ്പെടുത്തി 4,24,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു.

**1)**നിർവ്വഹണ ഏജൻസിയായി SEUF-നെ തിരഞ്ഞെടുത്തതിന് ഭരണ സമിതിയുടെ അംഗീകാരമില്ല. ഗ്രാമപഞ്ചായത്തിന്റെ സമീപ ഗ്രാമപഞ്ചായത്തുകളിൽ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകളുടെ നിർവ്വഹണം SEUF നടത്തിവരുന്നുണ്ടായിരുന്നതിനാലാണ് പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്തതെന്ന് വിശദീകരിച്ചിട്ടുള്ളത്.

**2)** 2018-19 വർഷം അംഗീകാരം വാങ്ങിയ പ്രോജക്ടിനു വേണ്ടി നിർവ്വഹണ ഏജൻസിയുമായി കരാർ വച്ചത് 04.11.2020-ലാണ്.

2018-19 ൽ അംഗീകാരം വാങ്ങി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി ശുചിത്വമിഷനിൽ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ സാങ്കേതികാനുമതി ലഭ്യമാകാൻ കാലതാമസമുണ്ടായെന്നും എസ്റ്റിമേറ്റിൽ GST ഉൾപ്പെടാത്തതിനാൽ ഏജൻസി കരാർ വച്ചില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്.

**3)**പ്രവൃത്തി ആരംഭിച്ചില്ലായെന്ന് കാണിച്ച് SEUF-ന് 13.09.2021-നാണ് കത്തയച്ചിട്ടുള്ളത്. മുൻകൂർ നൽകി 6 മാസം കഴിഞ്ഞതിനു ശേഷമാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

ഏജൻസിയുടെ അക്രഡിറ്റേഷൻ കാലാവധി അവസാനിച്ചതായി അറിയാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കുന്നതും മുൻകൂർ തുക തിരിച്ച് പിടിക്കുന്നതും സംബന്ധിച്ച് അവ്യക്തതയുള്ളതിനാലാണ് കത്ത് നൽകാൻ താമസിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

**4)**നാളിതുവരെ സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.

**ബി)**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO288 /21 |
| പേര് | ഘടകസ്ഥാപനങ്ങളിൽ എയ്റോബിക് ബിൻ കമ്പോസ്റ്റ് |
| അടങ്കൽ തുക | 800000 (കേന്ദ്രാവിഷ്കൃത പരിപാടി) |
| ചെലവ് | 136000/- |
| ചെക്ക് നമ്പർ | 695012052/06.02.2021 |
| നിർവ്വഹണ ഏജൻസി | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ |

ഗവ. LPS തോട്ടയ്ക്കാട്, ഗവ. LPS പറക്കുളം, ഗവ. LPS കട്ടപ്പറമ്പ്, PHC കരവാരം എന്നീ ഘടകസ്ഥാപനങ്ങളിൽ രണ്ട് ബിന്നുകൾ വീതം അടങ്ങുന്ന എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 8,00,000/-രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ലഭ്യമായതിനെ തുടർന്ന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി 04.11.2020-ന് കരാർ വച്ചു മുൻകൂറായി 06.02.2021-ന് 1,36,000/- രൂപ കൈമാറി.

ക്രമ നമ്പർ (എ)-യിലെ നടപടിക്രമങ്ങൾ തന്നെയാണ് ഇതിലും അനുവർത്തിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കിയിട്ടില്ല.

എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കാത്ത സാഹചര്യത്തിൽ, രണ്ട് പ്രോജക്ടുകൾക്കുമായി മുൻകൂറായി നൽകിയ 2,20,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സംരക്ഷണ ഭിത്തി നിർമ്മാണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO232 /21 |
| പേര് | ചിറയിൽ വെള്ളാനഴികം റോഡ് സൈഡ് വാൾ കെട്ട് |

| | |
|---|---|
| അടങ്കൽ തുക | 546995/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 546483/- |
| ബിൽ നമ്പർ | 15/21.05.020 |
| എം ബുക്ക് നമ്പർ | 255/19-20 |
| കരാറുകാരൻ | ജസിം.എം (546995.41) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിക്കായി 2017-18 മുതൽ രൂപീകരിച്ച പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രോജക്ടുകളെല്ലാം 5,46,995/-രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയവയാണ്.

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ |
|---|---|---|
| I | 2017-18 | SO076/18 |
| Ii | 2018-19 | SO148/19 |
| Iii | 2019-20 | SO178/20 |

സാങ്കേതികാനുമതി പത്രം (നമ്പർ4012/17-18) പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് മൂന്ന് മാസമാണ്. പ്രവൃത്തിക്കായി 23.09.2017-ന് കരാർ വച്ച് (നമ്പർ 26) സ്ഥലം കൈമാറിയിട്ടുണ്ട്. കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 01.02.2020-നാണ്. കരാറുകാരനിൽ നിന്നും പിഴയായി 3% തുകയായ 16395/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കരാറുകാരന്റെ അപേക്ഷയിന്മേൽ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പീരീഡ് അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC-യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കുശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ എ.സി.2/223/15 ത.സ്വ.ഭ.വ. തീയതി 18.08.2018-ാം നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മാസത്തിനും രണ്ട് ശതമാനം നിരക്കിലുമാണ് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

കരാറുകാരൻ അസുഖ ബാധിതനായി ചികിത്സയിലായതും തുടർന്ന് പ്രളയവും ക്വാറി സമരവും കാലതാമസത്തിന് കാരണമായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05 /19.04.2022-ന്റെ മറുപടി). എന്നാൽ, മാന്വലിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. സ്ഥലം ഏറ്റെടുത്തതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കാൻ രണ്ട് വർഷത്തിൽ കൂടുതൽ സമയമെടുത്തത് ന്യായീകരിക്കത്തക്കതല്ല.

ഇപ്രകാരം പ്രവൃത്തി പൂർത്തീകരണം നീണ്ടുപോകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. കൂടാതെ PWD മാന്വൽ, സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

## 1-25 റോഡ് പുനരുദ്ധാരണം - 13 ലക്ഷം രൂപയുടെ ചെലവ് ലക്ഷ്യം നേടിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO234 /21 |
| പേര് | നെല്ലിക്കുന്ന് കണ്ണാട്ടുകോണം റോഡ് പുനരുദ്ധാരണം - വാർഡ് 6 |
| അടങ്കൽ തുക | 809252/- (വികസന ഫണ്ട് - SCP) |
| 2020-21ലെ ചെലവ് | 809252/- |
| ബിൽ നമ്പർ | 14/21.05.2020 |
| എം ബുക്ക് നമ്പർ | 611/18-19, 28/19-20 |
| കരാറുകാരൻ | ശശാങ്കൻ.എസ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി നമ്പർ | 46/25.04.2022 |

പ്രസ്തുത പ്രവൃത്തിക്കായി 2018-19 മുതൽ രൂപീകരിച്ച പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. രണ്ട് വർഷങ്ങളിലും 14,00,000/-രൂപ വീതം വികസന ഫണ്ട് - SCP വകയിരുത്തുകയും 2019-20 ൽ 4,95,549/- രൂപയുടെ പാർട്ട് ബിൽ നൽകുകയും ചെയ്തു(ബിൽ നമ്പർ 13/21.08.2019).

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ |
|---|---|---|
| I | 2018-19 | SO063/19 |
| Ii | 2019-20 | SO184/20 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ടാർ റോഡിലെ പൊളിഞ്ഞുകിടക്കുന്ന ഭാഗങ്ങളിലെ കുഴികൾ അടച്ച് റീടാർ (800 മീറ്റർ) ചെയ്യുന്നതിനും 292 മീറ്റർ നീളത്തിൽ കോൺക്രീറ്റും 200 മീറ്റർ നീളത്തിൽ റീ കോൺക്രീറ്റുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും റീ കോൺക്രീറ്റിംഗ് ഉൾപ്പെടെ രണ്ട് ഇനങ്ങൾ (Appendix 2 – ഇനം 1, 2)

ഒഴിവാക്കി, Appendix 1-ലെ 2, 3, 4 ഇനങ്ങളുടെയും Appendix 2-ലെ 3-ാം ഇനത്തിന്റെയും അളവുകൾ കൂട്ടി, എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി നടപ്പാക്കിയത്.

പ്രവൃത്തിക്കായി നടപ്പാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം നമ്പർ | ഇനം | അളവ് | നിരക്ക് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| I | 1 | Modified Penetration Macadum 75mm Thick Using S65.... | 207.75 $M^2$ | 345/$M^2$ | 71673.75 | |
| Ii | 2 | Tack Coat – Providing And Applying Tack Coat With Bitumen Emulsion (RS1)... | 2800 $M^2$ | 12/$M^2$ | 33600 | Agreed Quantity |
| | | | 275.27 $M^2$ | 10.26/$M^2$ | 2823.96 | Extra Quantity |
| Iii | 3 | 20mm Thick Open – Graded Carpet Using Bituminous Binder.... | 3075.24 $M^2$ | 164/$M^2$ | 504339.30 | 858.1 മീറ്റർ നീളത്തിൽ |
| Iv | 4 | Seal Coat – Manual Means – Type C – Bitumen S-65 Providing And Laying Seal Coat Sealing The Voids... | 3075.24 $M^2$ | 64/$M^2$ | 196815.36 | 858.1 മീറ്റർ നീളത്തിൽ |
| V | Appendix 2- 3 | Providing Concrete For Plain / Re Infoced Concrete In Open Foundation.... | 66.53 $M^3$ | 7448.50/$M^3$ | 495584.70 | 188.5 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്ത് 2019-20 വർഷം പാർട്ട് ബിൽ നൽകി |

പ്രവൃത്തി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

**1)**പ്രവൃത്തിക്കായി കരാർ വച്ച് സ്ഥലം കൈമാറിയത് 09.08.2018-നാണ്. സാങ്കേതികാനുമതി പത്രത്തിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 30.03.2019-ലും പൂർത്തീകരിച്ചത് 30.12.2019-ലുമാണ്. സ്ഥലം കൈമാറി 7 മാസം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചത്. തുടർച്ചയായ മഴയാണ് കാലതാമസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് .

**2)**Appendix 2-ലെ ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

ഇനം 1 – Excavation In Cutting In Soil By Manual Means ...

292 X 1 X .0150 = 43.8 $M^3$

ഇനം 2 - Providing Concrete For Plain / Reinfoced Concrete In Open Foundation....

200 X 3 X 0.050 = 30 $M^3$

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഐറിഷ് ഡ്രെയിനിനായി Earth Work Excavation ഉൾപ്പെടുത്തിയെങ്കിലും അത് ഒഴിവാക്കി 3-ാം ഇനമായ Concreting മാത്രം ചെയ്ത് പാർട്ട് ബിൽ നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിശദീകരണം :

പ്രവൃത്തിക്കായി റോഡിന്റെ 200 മീറ്റർ നീളത്തിലും 5സെന്റി മീറ്റർ കനത്തിലും റീ കോൺക്രീറ്റ് ചെയ്യുന്നതിനാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ, ക്വാറി, ക്രഷർ യൂണിറ്റ് എന്നിവയിലേക്കുള്ള റോഡായതിനാൽ 10 സെന്റിമീറ്റർ കനത്തിലാക്കിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. റോഡ് റീകോൺക്രീറ്റിംഗ് മാത്രമാണ് സൈറ്റിൽ ചെയ്തത്. അതിനാലാണ് Earth Work Excavation ഒഴിവാക്കിയത്.

പ്രസ്തുത വിശദീകരണത്തിലും റീ കോൺക്രീറ്റ്, ഐറിഷ് ഡ്രെയിൻ, Earth Work Excavation എന്നിവയുടെ നീളം, Data എന്നിവയിൽ വ്യത്യാസം വന്നത് വിശദീകരിച്ചിട്ടില്ല.

3)പ്രവൃത്തിയുടെ സ്ഥലപരിശോധന 23.04.2022-ന് നടത്തുകയുണ്ടായി. റോഡ് പൂർണമായും സഞ്ചാരയോഗ്യമല്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടാർ ചെയ്ത ഭാഗം പൂർണമായും തകർന്നിട്ടുണ്ട്. ക്വാറികളും ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്ന സ്ഥലമായതിനാൽ ഭാരമേറിയ വാഹനങ്ങളുടെ സഞ്ചാരം മുൻകൂട്ടി കണ്ട് അതിനനുസൃതമായല്ല പ്രോജക്ട് തയ്യാറാക്കിയത്. ആയതിനാൽ തന്നെ 13 ലക്ഷത്തിലധികം രൂപയുടെ ചെലവ് പ്രയോജനപ്പെട്ടിട്ടില്ല.



ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിനുള്ള BM&BC രീതിയിൽ ടാർ ചെയ്യാനുള്ള വീതിയില്ലാത്തതിനാലാണ് Chipping Carpet രീതിയിൽ ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ഇപ്രകാരം പാഴ്ചെലവുണ്ടാകുന്നത് ഒഴിവാക്കാനാവശ്യമായ നടപടികൾ മുൻകൂട്ടി സ്വീകരിക്കേണ്ടതാണ്.

## 1-26 തുടർ നടപടി ആവശ്യമായ പ്രവൃത്തികൾ

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ സ്ഥലപരിശോധന 23.04.2022-ന് നടത്തുകയുണ്ടായി. പ്രസ്തുത സ്ഥലപരിശോധനയിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**1)ആഴാംകോണം നീന്തൽകുളം മെയിന്റനൻസ് (SO123/21)**

പ്രസ്തുത പ്രവൃത്തിയുടെ ആദ്യ രണ്ട് ഇനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| ഇനം നമ്പർ | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | Wall Painting With Plastic Emulsion Paint Of Approved Brand... | 573.475 $M^2$ | 76.21 | 43704.53 |
| 2 | Painting With Synthetic Enamel Paint Of Approved Brand... | 93.600 $M^2$ | 70.76 | 6623.10 |

സ്ഥലപരിശോധനയിൽ, പുറത്തുള്ള വാൾ പെയിന്റിംഗ് പൊളിഞ്ഞിളകിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഫെൻസിംഗിന്റെ ഫൗണ്ടേഷനിലെ പ്ലാസ്റ്റിക് ഇമൽഷൻ പൂർണമായും ഇല്ലാതായിട്ടുണ്ട്.

വെള്ളം കെട്ടി നിൽക്കുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 47/25.04.2022-ന്റെ മറുപടി). ഇപ്രകാരമുള്ള സാഹചര്യം മുൻകൂട്ടി കണ്ട്, പ്രവൃത്തിക്കാവശ്യമായ നിലവാരമുള്ള വസ്തുക്കൾ ഉപയോഗിച്ച് ചെലവഴിക്കുന്ന ഫണ്ടിന്റെ പാഴ്ചെലവ് ഒഴിവാക്കാനും പ്രവൃത്തി പൂർത്തിയാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**2)വട്ടക്കൈത – പാറവിള റോഡ് കോൺക്രീറ്റിംഗ് - വാർഡ് 6 (SO262/21)**

പ്രധാന റോഡിന്റെ മെയിന്റനൻസ് പ്രവൃത്തികൾ PWD നടത്തുന്നതിന്റെ ഭാഗമായി കോൺക്രീറ്റ് റോഡിന്റെ ആദ്യഭാഗം കട്ട് ചെയ്തിട്ടുണ്ട്. സഞ്ചാരയോഗ്യമാക്കുന്നതിന് തുടർനടപടികൾ ആവശ്യമാണ്.



PWD അധികൃതരുമായി ബന്ധപ്പെട്ട് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്നും അല്ലാത്തപക്ഷം 2022-23 വർഷം പ്രസ്തുത പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രണ്ട് പ്രവൃത്തികളും സംബന്ധിച്ച തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ വിമുഖത.

സർക്കാർ ഉത്തരവ് 11/2018 തസ്വ ഭ വ, തി 29-1-2018 ഖണ്ഡിക 5-2-6 പ്രകാരം അനിവാര്യ വകയിരുത്തൽ നടത്തി നടപ്പിലാക്കേണ്ട പദ്ധതിയാണ് ആശ്രയ /അഗതി രഹിത കേരളം പദ്ധതി. വി ഇ ഒ-യുടെ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി നം 147/21 പ്രകാരം ആശ്രയ വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി (ജനറൽ) 1,00,000/-രൂപയും 148/21 പ്രകാരം 147/21 പ്രകാരം

ആശ്രയ വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ് സി) ക്കായി 1,50,000/-രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല . ഗുണഭോക്തൃ ലിസ്റ്റിൽ ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കളുണ്ടായിരുന്നിട്ടും പദ്ധതി നടപ്പിലാക്കാതിരുന്നത് എന്തു കാരണത്താലാണ് എന്ന് ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടിയായി കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് വളരെയേറെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതു കൊണ്ടും ഇലക്ഷൻ പെരുമാറ്റ ചട്ടങ്ങൾ നിലവിൽ വന്നതിനാലും ഗുണഭോക്തൃ ലിസ്റ്റ് സമയത്ത് ലഭിക്കാത്തതിനാലും ആണ് എന്നാണ് നിർവ്വഹണത്തിന്റെ ചുമതലയുണ്ടായിരുന്ന വി ഇ ഒ മറുപടി നൽകിയിരിക്കുന്നത്. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമായിരുന്നിട്ടും അവർക്കായുള്ള പദ്ധികൾ നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്നത് ഉചിതമല്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-28 പാഥേയം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 141/21 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം |
| അടങ്കൽ | 128480/- |
| ചെലവ് | 128480/- |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 35/23-4-22 |
| ബിൽ നമ്പർ | 16/30-3-21 |

പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് മേൽ ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 35/23.04.2022) തുക കരവാരം കുടുംബശ്രീ സി ഡി എസ്-നു കൈമാറിയിട്ടുണ്ടെന്നുള്ള കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ കത്താണ് ലഭ്യമാക്കിയിരിക്കുന്നത്. തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 ബഡ്സ് സ്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 160/21 |
| പ്രോജക്റ്റിന്റെ പേര് | ബഡ്സ് സ്കൂൾ പ്രവർത്തകർക്ക് ഓണറേറിയം |
| അടങ്കൽ | 762300/- ( ബഡ്സ് സ്കൂൾ ഓണറേറിയം) |
| ചെലവ് | 762300/- |
| ഫണ്ടിനം | വികസന ഫണ്ട് , തനത് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 35/23-4-22 |

1998 മുതൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിന് നാളിതു വരെയായിട്ടും അംഗീകാരം ലഭിച്ചിട്ടില്ല. 144/2013 തസ്വഭവ, തിയ്യതി 6-4-2013, ഖണ്ഡിക 14 പ്രകാരം, ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. സ.ഉ (എം.എസ്) നം. 20/2018/ ത.സ്വ.ഭ.വ തീ.07/02/18 ഖണ്ഡിക 2 പ്രകാരം നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്കു് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് താല്കാലിക അംഗീകാരം നല്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരമുള്ള അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 35/23.04.2022) വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള അംഗീകാരം ലഭിച്ചിട്ടില്ലായെന്നും താൽകാലിക അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് .

## 1-30 ജീവിത ശൈലി രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധവും -പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO050/21 |
| പ്രോജക്ടിന്റെ പേര് | ജീവിത ശൈലി രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധവും |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 02/26.06.2020 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ട്. പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി 1,00,000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും തൻവർഷം വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയ ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഭാഗമായ ബോധവൽക്കരണ ക്ലാസിനെക്കുറിച്ചോ മരുന്ന് വിതരണത്തെ സംബന്ധിച്ചോ ജനങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള അറിയിപ്പ് നൽകിയതായി രേഖകളില്ല. സ്റ്റോക്ക് രജിസ്റ്റർ, സബ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ തൻവർഷം പൂർണമായും വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. പ്രൊജക്ട് ഫോറം പ്രകാരം മോണിറ്ററിങ്ങിന് വിധേയമാക്കേണ്ട ഘടകങ്ങളിൽ ഔഷധിയിൽ നിന്നുള്ള മരുന്നുകളുടെ ലഭ്യത മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. 06.02.2020-ന് ചേർന്ന ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ബോധവൽക്കരണത്തിന് പ്രൊജക്ടർ പോലെയുള്ള ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ പ്രോജക്ടിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29 /22.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

## 1-31 പഠനവീട് ചെലവ് രേഖകൾ ഹാജരാക്കിയില്ല - 78,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 178/21 |
| പ്രൊജക്ടിന്റെ പേര് | പഠനവീട് നിർമ്മാണം (എസ്.സി)- സ്പിൽഓവർ പ്രോജക്ട് |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് |
| അടങ്കൽ | 78000/- |
| ചെലവ് | 78000/- |
| എ.സി.ആർ.ബിൽ നം & തീയതി | 15/11.04.2020 |
| ഫണ്ടിനം | വികസന ഫണ്ട്- എസ് സി പി |

എസ്.സി. കുട്ടികൾക്ക് പഠനവീട് പദ്ധതിക്കായി 78,000/-രൂപ 2020-21 വർഷം ചെലവാക്കിയിട്ടുണ്ട്. ഓഡിറ്റ് റിക്വിസിഷൻ നമ്പർ 2/21.04.2022 പ്രകാരം ഫയലും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ആവശ്യപ്പെട്ടുങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി (നമ്പർ 32/23.04.2022) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2020-21 വർഷം 8 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുങ്കിലും ഒരു പ്രൊജക്ട് മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. എസ്.സി കുട്ടികൾക്ക് പഠനവീട് (102/21), സാമൂഹ്യസാക്ഷരതാ പദ്ധതി (103/21), പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (104/21), പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് (105/21), സർഗ്ഗവായന സമ്പൂർണ്ണ വായന (169/21) എന്നീ പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല.

## 1-32 അർഹതപ്പെട്ട ധനസഹായം നൽകിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) |
| പദ്ധതി നമ്പർ | 19/21 |
| പദ്ധതി അടങ്കൽ | 24,60,000/- (വികസന ഫണ്ട് എസ്.സി.പി) 2,38,000/- (തനത് ഫണ്ട് ) |
| പദ്ധതി ചെലവ് | 17,57,100/- (വികസന ഫണ്ട് എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

മേൽ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനുള്ള ആനുകൂല്യം ലഭിച്ച ശ്രീ.കൊച്ചു ചെറുക്കൻ, ചരുവിള വീട് എന്ന ഗുണഭോക്താവിന് അർഹമായ ധനസഹായം നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനു ശേഷം എൽ.എസ്.ജി.ഡി അസി.എഞ്ചിനിയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക 1,53,929/- രൂപയാണ്. എന്നാൽ സബ്സിഡി തുകയായ 1,50,000/- രൂപയ്ക്ക് അർഹതയുണ്ടെങ്കിലും ഗുണഭോക്താവിന് രണ്ടു തവണയായി ആകെ 1,25,000/-രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത് (ഒന്നാം ഗഡു 75000 – ട്രഷറി ബിൽ നം.46/25.02.21, രണ്ടാം ഗഡു 50000 – ട്രഷറി ബിൽ നം. 64/29.03.21). അർഹമായ 25,000/- രൂപ കുറച്ച് അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 34/23.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താവ് ലഭ്യമാക്കിയ ആദ്യ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും പിന്നീട് കുറച്ചു പണി കൂടി പൂർത്തിയാക്കി ലഭ്യമാക്കിയ പുതിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റാണ് ഫയലിൽ ഉള്ളതെന്നുമാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ മറുപടിയിൽ പറയും പ്രകാരമുള്ള തരത്തിലുള്ള ആദ്യ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. കൂടാതെ ഒരു വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ധനസഹായം കൈപ്പറ്റിയ ശേഷം ഗുണഭോക്താവ് വീണ്ടും മറ്റൊരു വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ആയത് പഞ്ചായത്ത് സ്വീകരിക്കുകയും ചെയ്യു എന്നുള്ളത് അംഗീകരിക്കാവുന്നതല്ല. അതിനാൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് യഥാർത്ഥ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് അർഹമായ 25,000/-രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-33 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 32 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 4 | വടവോട്ടുകാവ്, വഞ്ചിയൂർ, മുല്ലമംഗലം, മൊടമല |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 | വടവോട്ടുകാവ്, വഞ്ചിയൂർ, മുല്ലമംഗലം, മൊടമല |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 4 | വടവോട്ടുകാവ്, വഞ്ചിയൂർ, മുല്ലമംഗലം, മൊടമല |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 4 | വിവരങ്ങൾ പൂർണമല്ല. |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 32 | എല്ലാ അങ്കണവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | - | |
| 7 | കളിസ്ഥലം ഇല്ലാത്തവ | - | |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 17 | വിവരങ്ങൾ പൂർണമല്ല. |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 32 | എല്ലാ അങ്കണവാടികളും |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 4 | അങ്കണവാടി നം. 99, 107, 109, 112 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 32 | എല്ലാ അങ്കണവാടികളും |
| 13 | വൈദ്യുതി ഇല്ലാത്തവ | 4 | അങ്കണവാടി നം. 91, 99, 109, 112 |
| 14 | Baby Weighing Machine/Salter Scale/ Platform Weighing Scale ഇല്ലാത്തവ | - | |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 32 | വനിതാ ശിശു വികസന വകുപ്പിന്റെ ഏകീകൃത നെയിംബോർഡ് 2021-22 ൽ സ്ഥാപിച്ചിട്ടുണ്ട്. സൂപ്പർവൈസറുടെ ഫോൺനമ്പർ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിരുന്നില്ല. |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 32 | ബേബി ചെയർ ഉണ്ട്. എന്നാൽ മേശ ഇല്ല. |

| | | | |
|---|---|---|---|
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 32 | ഇൻഡോർ ഉണ്ട്. ഔട്ട്ഡോർ ഇല്ല. |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 21 | അങ്കണവാടി നം. 83, 85, 89, 90, 91, 94, 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 106, 107, 110, 113 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 2 | അങ്കണവാടി നം. 87 കോട്ടാമല, 103 പ്ലാവറക്കോണം |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 32 | എല്ലാ അങ്കണവാടികളും |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/21.04.2022) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1)** സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അതിനുള്ള മറുപടി പ്രകാരം പഞ്ചായത്തിലെ അങ്കണവാടികളിലെ കിണറുകൾ അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയുടെ സഹായത്തോടെയോ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചോ വൃത്തിയാക്കുന്നുണ്ട്. എന്നാൽ 2020-21 വർഷം കോവിഡ് സാഹചര്യത്തിൽ അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു.

**2)** സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. 2019-2020 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശപ്രകാരമുള്ള കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി തുടർവർഷങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഇതിൻ പ്രകാരം വൈദ്യുതി ഇല്ലാത്ത 2 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തനം നടത്തിയിട്ടും സ്വന്തമായി കെട്ടിടം ഇല്ലാത്ത 4 അങ്കണവാടികൾ, ചുറ്റുമതിൽ ഇല്ലാത്ത 4 അങ്കണവാടികൾ, ശിശുസൗഹൃദ ശുചിമുറി ഇല്ലാത്ത 32 അങ്കണവാടികൾ (മുഴുവൻ), സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്ത 32 അങ്കണവാടികൾ (മുഴുവൻ), വൈദ്യുതി ഇല്ലാത്ത 4 അങ്കണവാടികൾ, വാട്ടർ പ്യൂരിഫൈയർ ഇല്ലാത്ത 21 അങ്കണവാടികൾ, കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്ത 2 അങ്കണവാടികൾ, പരാതിപ്പെട്ടി ഇല്ലാത്ത 32 അങ്കണവാടികൾ (മുഴുവൻ) എന്നിവ ഇനിയും അവശേഷിക്കുന്നുണ്ട്. അതിനാൽ അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3)** 2020-21 ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യത്തിൽ യഥാസമയം ഗുണനിലവാരം പരിശോധന നടത്താൻ അയയ്ക്കുന്നതിന് സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു. 19.10.20-ൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ചതായി അറിയിച്ചിരിക്കുന്നു. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 അനുപൂരക പോഷകാഹാര പദ്ധതി - ടി.ഡി.എസ് ഈടാക്കുന്നില്ല.

അനുപൂരക പോഷകാഹാര പദ്ധതി പ്രൊജക്റ്റുകളിലെ വാങ്ങലുകളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19-ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN-ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ ന്യൂവിറ്റ, ന്യൂട്രിമിക്സ് യൂണിറ്റ്, കടവിള, നഗരൂർ (GSTNo. 32AAQFN3832M1ZX) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്യാഷ് ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 52/18.04.20 | 122819 |
| 2 | 62/19.05.20 | 127670 |
| 3 | 77/13.07.20 | 133425 |
| 4 | 95/30.09.20 | 143986 |
| 5 | 84/13.08.20 | 139135 |
| 6 | 101/09.11.20 | 144648 |
| 7 | ലഭ്യമല്ല /28.12.20 | 143105 |
| 8 | 123/15.03.21 | 143105 |
| | **ആകെ** | **10,97,893/-** |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/25.04.22-ന് ലഭ്യമാക്കിയ മറുപടി, അതിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ അമൃതം ന്യൂട്രിമിക്സിന്റെ ഹാജരാക്കുന്ന ബില്ലുകളിൽ അതിന്റെ വിലയോടൊപ്പം സ്ഥാപനം ഉൾപ്പെടുത്തുന്ന ജി.എസ്.ടി-യുമായി ബന്ധപ്പെട്ടാണ്. എന്നാൽ സ്ഥാപനം ഹാജരാക്കുന്ന ഇൻവോയ്സുകൾക്ക് പണം നൽകുന്ന വേളയിൽ പഞ്ചായത്ത് 2% ടി.ഡി.എസ് ഈടാക്കാത്തത് സംബന്ധിച്ചാണ് ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളത്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം, നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN-ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

### 1-35 ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | ജാഗ്രതാസമിതി |
| പദ്ധതി നമ്പർ | 85/21 |
| പദ്ധതി അടങ്കൽ | 150000/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 90000/- (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

പ്രോജക്ടിന്റെ ഭാഗമായി വാർഡ് തല ബോധവൽക്കരണം, കേസ് സിറ്റിംഗ് എന്നിവയ്ക്കായി 30,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ജാഗ്രാതാ സമിതി കൗൺസിലർക്ക് 9 മാസങ്ങളിലെ വേതനം നൽകുന്നതിന് വേണ്ടി മാത്രമാണ് ചെലവ് തുകയായ 90,000/- രൂപ ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത മാസങ്ങളിൽ ജാഗ്രതാസമിതി കൗൺസിലറിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ. സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗനിർദ്ദശപ്രകാരം ജാഗ്രത സമിതി യോഗങ്ങൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്നിരിക്കണം (ഭാഗം 1.12.1). ലഭ്യമാക്കിയ ജാഗ്രതാസമിതി മീറ്റീംഗ് മിനിട്ട്സ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് പഞ്ചായത്ത്തല ജാഗ്രതാ സമിതി യോഗം ചേർന്നിട്ടുള്ളത്. ഓരോ വാർഡിലെയും ഗ്രാമസഭയ്ക്ക് മുമ്പായി ജാഗ്രതാ സഹായ സമിതി വിളിച്ചു കൂട്ടിയും വാർഡ്തല ജാഗ്രത സമിതി വിളിച്ചു കൂട്ടിയും വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സമിതികളിലെ പൊതു വിഷയങ്ങൾ എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യേണ്ടതാണെന്നും മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. (ഭാഗം 1.15). തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജാഗ്രത സമിതി ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ മാസവും അതത് ബ്ലോക്ക് സി.ഡി.പി.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ് (ഭാഗം.1.23).

മേൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങൾ 2020-21 വർഷത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 45/25.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം, ലഭിച്ച പരാതികൾക്കുള്ള പരിഹാരം ഓൺലൈനായാണ് നടത്തിയിട്ടുള്ളത് എന്നറിയിച്ചിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ പരാതി രജിസ്റ്റർ പ്രകാരം ഒരു പരാതി മാത്രമാണ് 2020-21 വർഷം ലഭിച്ചിട്ടുള്ളത്. കൂടാതെ അങ്കണവാടി തലത്തിൽ അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും വേണ്ടി ഓൺലൈനായി ബോധവൽക്കരണ ക്ലാസുകൾ, കൗൺസിലിംഗ് എന്നിവ നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനാധാരമായ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും പഞ്ചായത്ത് പരിധിയിലുള്ള ഒരു അങ്കണവാടിയിൽ പോലും പരാതിപ്പെട്ടി സ്ഥാപിക്കാത്ത സാഹചര്യത്തിൽ ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ അതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | 1331721 | കേദാരം സമഗ്ര നെൽകൃഷി 2020-21 | 1331721 | 0 |
| | | 0 | 60000 | ജൈവസമൃദ്ധി തരിശുഭൂമി കൃഷി 2019-20 | 60000 | 0 |
| | | 0 | 746198 | കേദാരം സമഗ്ര നെൽകൃഷി 2019-20 | 746198 | 0 |
| | | 0 | 112500 | സുഭിക്ഷ കേരളം - കരഭൂമി കൃഷി | 112500 | 0 |
| | | 0 | 463125 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 463125 | 0 |
| | | 0 | 60000 | ലക്ഷം വീട് കോളനിയിൽ അടിസ്ഥാന സൗകര്യ വികസനം | 60000 | 0 |
| | | 0 | 840000 | ലൈഫ് - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 840000 | 0 |
| | | | 480000 | ലൈഫ് - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (പട്ടികജാതി) | 480000 | 0 |
| | | | 460000 | ലൈഫ് - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 460000 | 0 |
| | | | 620000 | ലൈഫ് - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (പട്ടികജാതി) | 620000 | 0 |
| | | 0 | 185068 | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) - വനിത | 185068 | 0 |
| | | | 66658 | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) - ജനറൽ | 66658 | 0 |
| | | 2223928 | 0 | മുൻ വർഷത്തെ വിവിധ പ്രോജക്ടുകൾ | 934396 | 1289532 |
| **ആകെ** | | **2223928** | **5425270** | | **6359666** | 1289532 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 695904 | കേദാരം സമഗ്ര നെൽകൃഷി 2020-21 | 695904 | 0 |
| | | 0 | 70000 | ഹരിത ഭവനം | 70000 | 0 |
| | | 0 | 1341198 | കേദാരം സമഗ്ര നെൽകൃഷി 2019-20 | 1341198 | 0 |
| | | 0 | 355875 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 355875 | 0 |
| | | 0 | 80000 | ലക്ഷം വീട് കോളനിയിൽ അടിസ്ഥാന സൗകര്യ വികസനം | 80000 | 0 |
| | | 0 | 130000 | ലൈഫ് - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 130000 | 0 |
| | | 0 | 200000 | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) - വനിത | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 106966 | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) - ജനറൽ | 106966 | 0 |
| | | 143773 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 143773 |
| **ആകെ** | | **143773** | **2979943** | | **2979943** | **143773** |
| തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 2020-21 | 0 | 400000 | ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിന് തുക നൽകൽ | 400000 | 0 |
| | | 0 | 10000000 | വാമനപുരം നദീജല സംരക്ഷണ പദ്ധതി | 0 | 10000000 |
| | | 0 | 1200000 | ടേക്ക് എ ബ്രേക്ക് പദ്ധതി | 0 | 1200000 |
| | | 0 | 5000000 | *തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അനുവദിച്ച തുക തെറ്റായി ലഭിച്ചത് | 0 | 5000000 |
| **ആകെ** | | **0** | **16600000** | | **400000** | **16200000** |

| | 2019-20 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | 2223928 | 4490874 | 6714802 | **5425270** | 1289532 | 0 | 1289532 |
| **ജില്ലാ പഞ്ചായത്ത് വിഹിതം** | 143773 | 2979943 | 3123716 | **2979943** | 143773 | 0 | 143773 |
| **മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം** | 0 | 16600000 | 16600000 | **400000** | 16200000 | 0 | 16200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | **2020-21** | | | | | |
| കെ.എസ്.ഇ.ബി | 1245771 | 122/21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 114575 | - | 114575 | - | 1360346 |
| | | ആകെ | *114575 | - | | | |
| കേരള വാട്ടർ അതോറിറ്റി | 3605878 | 154/21 തോക്കാല – കണ്ണാട്ടുക്കോണം പൈപ്പ് ലൈൻ പുനർസ്ഥാപിക്കൽ - 7 | 49000 | - | 49000 | - | 8425008 |
| | | 203/21 പനവേലിക്കടവ് - കല്ലുകുഴി എസ്സി കോളനി കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 91130 | - | 91130 | - | |
| | | 274/21 കോവിലഴികം എസ്സി കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 95000 | - | 95000 | - | |
| | | 304/21 ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ | 300000 | - | 300000 | - | |
| | | 321/21 കരവാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 4284000 | - | 4284000 | - | |
| | | ആകെ | **4819130 | | | | |
| അനർട്ട് | 1495000 | 3/19 പട്ടികജാതി കോളനിയിൽ ഓട്ടോമാറ്റിക് സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ | | 1000000 | | 1000000 | 495000 |
| | | **ആകെ** | | **1000000/-** | | **1000000/-** | **495000/-** |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 122/21 ന്റെ ഭാഗമായി 1,14,575/-രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. പകരം RP-13 ൽ Expences For Shifting Electric Posts എന്ന ഹെഡ്ഡിലാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ 2020-21 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 12,45,771/-രൂപയാണ് (1360346-114575).

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 154/21 ന്റെ ഭാഗമായി 49,000/- രൂപ, പ്രോജക്ട് നം. 304/21 ന്റെ ഭാഗമായി 3,00,000/-രൂപ എന്നിങ്ങനെ വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ആകെ ചെലവ് 3,49,000/-രൂപ വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. പകരം RP-18 ൽ Drinking Water Related Projects-General എന്ന ഹെഡ്ഡിലാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ 2020-21 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 80,76,008/- രൂപയാണ് (8425008-349000).

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1245771 | - | 1245771 | - | 1245771 | 1245771 |
| കേരള വാട്ടർ അതോറിറ്റി | 3605878 | 4470130 | 8076008 | - | 8076008 | 8076008 |
| അനർട്ട് | 1495000 | - | 1495000 | 1000000 | 495000 | 495000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**ഇല്ല.**

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 151/2017 LSGD, തീ.31.07.17 | 15463477 | 3040000 | 1500000 | 17003477 |

## 4-5 സ്ഥിര നിക്ഷേപം

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി

**ഇല്ല.**

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

**ഇല്ല.**

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 3,50,11,725 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,82,27,290 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,82,36,863 |
| നീക്കിയിരിപ്പ് | 3,50,02,152 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,01,326 |

(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

**ഇല്ല.**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-16 | 52,83,135 | 411243 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി |
| | | 4871892 | ശ്രീമതി സിന്ധു.ആർ.എസ്., സെക്രട്ടറി |
| 1-17 | 1,19,391 | ശ്രീമതി സിന്ധു.ആർ.എസ്., സെക്രട്ടറി | |
| 1-19 | 3,00,000 | ശ്രീമതി സിന്ധു.ആർ.എസ്., സെക്രട്ടറി | |

| | | | |
|---|---|---|---|
| 1-23 | 2,20,800 | 84800 | ശ്രീമതി ജയലക്ഷ്മി.ആർ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 136000 | ശ്രീ. പ്രമോദ്.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 78,000 | | ശ്രീമതി പുഷ്കല.ജി.കെ., ഹെഡ്മിസ്ട്രസ് |
| **ആകെ** | **60,01,326** | | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി | സെക്രട്ടറി, മണമ്പൂർ ഗ്രാമപഞ്ചായത്ത് | ശ്രീലയം, പാളയംകുന്ന്.പി.ഒ. |
| ശ്രീമതി സിന്ധു.ആർ.എസ്., സെക്രട്ടറി | വിരമിച്ചു | വാറുവിളാകം, പുതുശ്ശേരിമുക്ക്.പി.ഒ. |
| ശ്രീമതി ജയലക്ഷ്മി.ആർ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കരവാരം ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ 16 ബി, ചെറി ബിൽഡിംഗ്, കരിമണൽ.പി.ഒ. |
| ശ്രീ. പ്രമോദ്.പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | പ്രമോദ് ഭവൻ, കൊടുവഴന്നൂർ.പി.ഒ., പുളിമാത്ത് |
| ശ്രീമതി പുഷ്കല.ജി.കെ., ഹെഡ്മിസ്ട്രസ് | വിരമിച്ചു | സംതൃപ്തി, കളമച്ചൽ.പി.ഒ., വാമനപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റിവി.എം./ ജി.പി. 9/1170/2018 തീയതി 04.06.2018 | 2 |
| 2002-03 | | 1 |
| 2003-04 | | 2 |
| 2006-07 | | 1 |
| 2007-08 | | 1 |
| 2008-09 | | 1 |
| 2009-10 | | 1 |
| 2010-11<br>2011-12 | | 8 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/2026/2017 തീയതി 15.02.2017 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/1921/ 2017 തീയതി 06.04.2018 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/445/2019 തീയതി 16.10.2019 | 15 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/775/2020 തീയതി 05.10.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/ 1948/2021 തീയതി 26.02.2022 | 38 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

**<u>അനുബന്ധം-1</u>**
**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്